# അദ്ധ്യായം 1

# തെസ്സലൊനിക്യയിലെ വിശ്വാസികളോട് നന്ദി ചെലുത്തൽ

### വന്ദനം (1:1)

**[1]പൗലൊസും സില്വാനോസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനിക്യ സഭക്ക് എഴുതുന്നത്, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.**

**വാക്യം 1.** ഒന്നാം നൂറ്റാണ്ടിൽ, ഇതുപോലെയുള്ള ലേഖനം എഴുതുമ്പോൾ, മിക്കവാറും എല്ലായ്പോഴും ആദ്യം എഴുതുന്ന ആളുടെ പേരും തുടർന്ന് ആർക്ക് എഴുതുന്നുവോ അതും സംബോധന ചെയ്യുന്നതാണ് പതിവ് (ഉദാഹരണത്തിന് നോക്കുക, 1 കൊ. 1:1, 2; ഗലാ. 1:1, 2; 1 പത്രൊ. 1:1), പിന്നെ വന്ദനവും അറിയിക്കും. ആ പുരാതന രീതിയനുസരിച്ചാണ് പൗലൊസ് ഈ ലേഖനത്തിൽ ആദ്യം തന്റെയും തന്റെ രണ്ടു സഹപ്രവർത്തകരുടേയും പേർ നൽകിയത്.

യേശുവിന്റെ സ്വർഗാരോഹണത്തിനു ശേഷം പരിവർത്തനം ചെയ്ത അപ്പൊസ്തലനായ **പൗലൊസ്** ആണ് എഴുത്തുകാരൻ (പ്രവൃ. 9; 1 കൊ. 15:8), അവൻ ജാതികളുടെ അപ്പൊസ്തലനായി തീർന്നു (പ്രവൃ. 9:15). അവന്റെ അപ്പൊസ്തലിക അധികാരത്തെ തെസ്സലൊനിക്യയിലുള്ളവർ ശങ്കിച്ചിട്ടില്ലെങ്കിലും, മറ്റു ലേഖനങ്ങളിലെന്നപോലെ, അവനെ അപ്പൊസ്തലൻ എന്നതിന് യോഗ്യനാക്കി പറയുന്നില്ല (1 കൊ. 1:1; 9:1). വാസ്തവത്തിൽ, ലേഖനം പൗലൊസിന്റേതാണെങ്കിലും (2:18), സമ്പ്രദായമനുസരിച്ചായിരിക്കാം ഒരുപക്ഷെ അവൻ തന്റെ സഹപ്രവർത്തകരെയും ചേർത്ത് വന്ദനം ചെയ്യുന്നത്.

**സില്വാനോസ്** (ഒരു റോമാ പേർ) എന്ന് രണ്ടാമത് ഉപയോഗിച്ചിരിക്കുന്നത്, യെരുശലേമിൽനിന്ന് അന്ത്യോക്യയിലേക്ക് പൗലൊസിനോടുകൂടെ അയച്ച ശിലാസ് ആണ് (പ്രവൃ. 15:22, 32). അവൻ തന്നെയാണ് പൗലൊസിന്റെ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ അവന്റെ മുഖ്യസഹായിയായി അനുഗമിച്ചത്, അപ്പോഴായിരുന്നു തെസ്സലൊനിക്യയിൽ സഭ ആരംഭിച്ചതും (പ്രവൃ. 15:40; 17:1–9). അതിനു ശേഷം, അവനെ കുറിച്ച് ഒരിക്കൽ മാത്രമാണ് പറഞ്ഞിരിക്കുന്നത്, അത് 1 പത്രൊസിന്റെ ലേഖനം എഴുതിയപ്പോൾ അവനെ എ.ഡി. 60–65 ൽ ബാബിലോണിൽ നിന്ന് വിളിച്ചു വരുത്തിയ സമയമായിരുന്നു (1 പത്രൊ. 5:12). 1 തെസ്സലൊനിക്യ ലേഖനം എഴുതിയപ്പോൾ, അവൻ പൗലൊസിന്റെ എഴുത്തുകാരൻ ആകുവാൻ സാധ്യതയുണ്ട്; എങ്ങനെയായാലും അത് നമുക്ക് തീർച്ചയില്ല.

**തിമൊഥെയൊസ്**, എന്ന് മൂന്നാമത് പറഞ്ഞിരിക്കുന്ന ആളുടെ

അപ്പൻ ഗ്രീക്കുകാരനും, അമ്മ എബ്രായ സ്ത്രീയും ആയിരുന്നു, അവൻ ലുസ്ത്രയിലായിരുന്നു താമസിച്ചിരുന്നത്. യുവാവായിരുന്നപ്പോൾ അവനെ പരിഛേദന കഴിപ്പിക്കുകയും, തന്റെ സഹപ്രവർത്തകനായി പൗലൊസ് അവനെ എടുക്കുകയും ചെയ്തു (പ്രവൃ. 16:1–3). അവന്റെ അമ്മയും അമ്മുമ്മയും തീർച്ചയായും ദൈവ ഭക്തരായ എബ്രായ സ്ത്രീകളായിരുന്നു, അവർ ക്രിസ്തുവിൽ വിശ്വസിച്ചു (2 തിമൊ. 1:5; 3:4–15). അവനെ കുറിച്ച് പൗലൊസിന് ഉയർന്ന അഭിപ്രായമായിരുന്നു ഉണ്ടായിരുന്നത് (ഫിലി. 2:19, 20).

തെസ്സലൊനിക്യയിലുള്ള **സഭക്കാണ്** പൗലൊസ് എഴുതിയത്. "സഭ" എന്നതിനുള്ള വാക്ക് തതതതത (എക്ലേസിയ), അർത്ഥം "സഭായോഗം" എന്നാണ്. തിരുവെഴുത്ത് ദൈവത്തിന്റെ മൊത്തത്തിലുള്ള സഭായോഗത്തെയും (മത്താ. 16:18), അതേപോലെ, പ്രാദേശിക കൂടിവരവിനെയും പ്രതിപാദിക്കുന്നു (1 കൊ. 1:2). ലൗകിക കൂടിവരവിനും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു, ഉദാഹരണമായി പ്രവൃത്തികൾ 19:32. പരിഷ്ക്കരിച്ച വാക്കുകളുടെ സന്ദർഭം നോക്കി മാത്രമെ ഏതു വിധത്തിലുള്ള സഭായോഗമാണെന്നു തിരിച്ചറിയുവാൻ കഴിയുകയുള്ളു. ഇവിടെ പറയുന്ന സഭായോഗം **തെസ്സലൊനിക്യ** പട്ടണത്തിലെ കൂടിവരവിനെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. തെസ്സലൊനിക്യാ നിവാസികളായിരുന്നു അവിടെ ഉണ്ടായിരുന്നത്. "തെസ്സലൊനിക്യയിലെ സഭ" എന്ന ഇതേ പ്രയോഗം, ഇവിടെയും 2 തെസ്സലൊനിക്യർ 1:1 ലും ഉപയോഗിച്ചിരിക്കുന്നു. ചില സന്ദർഭങ്ങളിൽ, പൗലൊസ്, "ലെ" അല്ലെങ്കിൽ "ൽ" ഉള്ള "വിശുദ്ധന്മാർ" അല്ലെങ്കിൽ സഭ എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. ഇവിടെ അൽപം വ്യത്യസ്തമായി, ഒരു പ്രദേശത്ത് പ്രചാരത്തിലിരിക്കുന്ന ആളുകളെ ചേർത്താണ് സംബോധന ചെയ്യുന്നത്. പൗലൊസ് "ഒരേ രീതിയിലുള്ള പ്രയോഗം മാത്രം"[1] എടുക്കാത്തതുകൊണ്ടാണ് ഈ പ്രത്യേക പ്രയോഗം ഉപയോഗിച്ചിരിക്കുന്നതിന്റെ കാരണം, ഈ രണ്ടു ലേഖനങ്ങളായിരുന്നു അവന്റെ ആദ്യലേഖനങ്ങൾ, എന്നാണ് ലിയോൺ മോറിസ് അഭിപ്രായപ്പെട്ടത്. എങ്ങനെയായാലും, പൗലൊസ് സ്വീകരിച്ച അത്തരം പ്രയോഗ രീതി അനുമാനിക്കൽ അത്ര പ്രാധാന്യമുള്ള കാര്യമല്ല.

കൂടാതെ, ആ സഭായോഗത്തിൽ തെസ്സലൊനിക്യയിലുള്ള എല്ലാവരും ഉൾപ്പെടുന്നില്ല, എന്നാൽ **പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും** ഉള്ളവർ മാത്രമാണ്. പാപം ചെയ്ത് എല്ലാവരും ദൈവത്തിൽനിന്ന് അകന്നു പോയിരുന്നു (റോമ. 3:10, 23), എന്നാൽ ചിലർ അവനോട് നിരപ്പ് പ്രാപിക്കയും (2 കൊ. 5:19), **ദൈവത്തിൽ** ആകുകയും, ദൈവം അവരുടെ ആത്മിയ പിതാവായി തീരുകയും ചെയ്തിരുന്നു (റോമ. 8:14–16; ഗലാ. 4:6, 7). "ക്രിസ്തുവിനോട്" ചേരുവാൻ സ്നാനം ഏറ്റവരാണ് അവനോട് നിരപ്പിലായത് (റോമ. 6:3, 4; ഗലാ. 3:26, 27). ആകയാൽ ഈ ലേഖനം എഴുതിയത് തെസ്സലൊനിക്യയിലെ ദൈവത്തിലും യേശുക്രിസ്തുവിലും ഉള്ളവരോടായിരുന്നു.

ദൈവത്തിന്റെ ആനുകൂല്യമായ **കൃപ** χάρις (*കാരിസ്*) തെസ്സലൊനിക്യയിലുള്ളവരിൽ ഉണ്ടാകുവാൻ പൗലൊസ് ആഗ്രഹിച്ചു, യെഹൂദമതാനുസാരികളുടെ വന്ദനങ്ങളിൽ പലപ്പോഴും "കൃപ" ഉൾപ്പെട്ടിരുന്നു. അവർക്ക് **സമാധാനവും** (εἰρήνη *എയിരേനെ*) പൗലൊസ് ആശംസിച്ചിരുന്നു. യവനഭാഷക്കാർക്ക് സമാധാനം എന്നാൽ യുദ്ധമില്ലാത്ത അവസ്ഥയാണ്. എബ്രായ ഭാഷയിൽ, എങ്ങനെയായാലും, എബ്രായ വാക്ക് **שָׁלוֹם** (*ഷാലോം*)

ആണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം, ആത്മാവിന്റെ മൊത്തത്തിലുള്ള ഐശ്വര്യമാണ്, അഥവാ മൊത്തത്തിലുള്ള ക്ഷേമ-ത്തെ കാണിക്കുന്നു. യെഹൂദ വന്ദനങ്ങളിൽ, സാധാരണ *ഷാലോം* അടങ്ങുന്നു.

## തെസ്സലൊനിക്യർക്ക് സ്തോത്രം
## (1:2-4)

**[2]ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്തുതിച്ചുകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും [3]നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു [4]ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിന്ന് സ്തോത്രം ചെയ്യുന്നു.**

**വാക്യം 2**. പൗലൊസ് **ദൈവത്തിന്ന് സ്തോത്രം** ചെയ്യുന്നു, അവൻ ഇടക്കിടെ ലേഖനം എഴുതുമ്പോൾ ഉപയോഗിക്കുന്ന “ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു” എന്നത് യവനഭാഷയിൽ, εὐχαριστέω (*യുക്കാരിസ്റ്റെയോ*) (2 തെസ്സ. 1:3; 1 കൊ. 1:4). തീർച്ചയായും തെസ്സലൊനിക്യരിൽ ധാരാളം നന്മ ഉണ്ടായിരുന്നു. അവർ പൗലൊസിന് ഒരു പ്രോൽസാഹനമായിരുന്നു (1:8–10). ധതന്റെപ **പ്രാർത്ഥനകളിൽ** പൗലൊസ് ധഅവരെപ കുറിച്ച് **എപ്പോഴും പറയുന്നു** എന്നാണ് പറഞ്ഞത്. പൗലൊസിന്റെ പ്രാർത്ഥനയിൽ പ്രത്യേക ഇടവകകളും, പ്രത്യേക വ്യക്തികളും ഉൾപ്പെട്ടിരുന്നു (2 തിമൊ. 1:3). കൂടാതെ, അവൻ **എപ്പോഴും** ദൈവത്തിന് നന്ദി ചെലുത്തിയിരുന്നു എന്നതു ശ്രദ്ധേയമാണ്. നന്ദിയോടുകൂടി അവൻ നിരന്തരമായി (5:17, 18) പ്രാർത്ഥിച്ചിരുന്നു.

**വാക്യം 3. ഇടവിടാതെ ഓർത്തു** എന്നത്, വാക്യം 2 ന്റെ തുടർച്ചയാണെന്ന് തോന്നുന്നു. അവരുടെ പ്രാർത്ഥനകളിൽ ‘‘ദൈവത്തിനു നന്ദി’’ ചെലുത്തുന്നതിനു പുറമെ, അവനും സംഘവും സ്ഥിരതയോടെ തെസ്സലൊനിക്യരുടെ പരിശ്രമങ്ങളെ ഓർത്തും **പിതാവായ ദൈവത്തിന്** സ്തോത്രം പറയുന്നു. അതായത്, അവരെ പ്രാർത്ഥനയിൽ ദൈവസിംഹാസനത്തിനു മുൻപിൽ എത്തിച്ചു (എബ്രാ. 4:16).

അവർ ദൈവത്തിന് സ്തോത്രം ചെയ്യുവാനിടയായ പ്രത്യേക കാര്യങ്ങൾ, **വിശ്വാസത്തിന്റെ വേലയും**, **സ്നേഹ** പ്രയത്നവും, **പ്രത്യാശയുടെ സ്ഥിരതയും** ആയിരുന്നു.

മൂന്നു മുഖ്യമായ ക്രിസ്തീയ ഗുണങ്ങളായ വിശ്വാസം. പ്രത്യാശ, സ്നേഹം. എന്നിവ മറ്റു ഭാഗങ്ങളിൽ ഒരുമിച്ചാണ് പറഞ്ഞിരിക്കുന്നത് (5:8; 1 കൊ. 13:13; കൊലൊ. 1:3–5; 1 പത്രൊ. 1:21, 22). അവക്ക് ഊന്നൽ ചെലുത്തിയിരിക്കുന്നതു നോക്കുമ്പോൾ, ക്രിസ്ത്യാനികളുടെ ജീവിതത്തിൽ അവ എന്തു പുറപ്പെടുവിക്കുന്നു (ഉത്തേജിപ്പിക്കുന്നു അല്ലെങ്കിൽ പ്രേരിപ്പിക്കുന്നു) എന്നറിയുമ്പോൾ അവയുടെ പ്രാധാന്യം വ്യക്തമാകും. ശരിയായ വിശ്വാസം വേല ചെയ്യും (യാക്കൊ. 2:14–17; എബ്രാ. 11); അതല്ലെങ്കിൽ “കഠിന പ്രയത്നം” സ്നേഹം എന്നത്, ഗ്രീക്ക് വാക്ക് ἀγάπη (*അഗാപെ*) യിൽ നിന്നുള്ളതാണ്. പ്രത്യാശ സ്ഥിരത ഉളവാക്കുന്നു, (സഹിഷ്ണുതയും,

ദീർഘക്ഷമയും), അതിനർത്ഥം, ഉപദ്രവങ്ങളും എതിർപ്പുകളും നേരിട്ടെങ്കിലും, അവർ സ്ഥിരതയോടെ മുന്നേറി. നിത്യ തേജസ് അവർ പങ്കിട്ടതിനാലാണ് അവർക്ക് മുന്നോട്ട് ഗമിക്കുവാൻ കഴിഞ്ഞത് (റോമ. 8:18–25; 15:4), അത് നമ്മുടെ **കർത്താവായ യേശുക്രിസ്തുവിലാണ്**.

*അഗാപെ* എന്ന വാക്ക് വിവരിച്ച് ഒരു പുതിയ യാഥാർത്ഥ്യം എഥെൽബർട്ട് സ്റ്റാഫെർ, യേശു തന്റെ ജീവിതത്തിലും മരണത്തിലും എന്ന പുസ്തകത്തിൽ *അഗാപെ* എന്ന് വാക്ക് ശ്രദ്ധേയമായി ചർച്ച നടത്തിയിരിക്കുന്നു.[2] അത് സമ്മതിച്ച് മോറിസ് പറഞ്ഞു.

> അതു പുതിയനിയമത്തിലുടനീളം അലയടിക്കുന്നു. അവർക്ക് ഒരു പുതിയ വാക്ക് മാത്രമല്ല ലഭിച്ചത്, അവർക്ക് ഒരു പുതിയ ആശയം ലഭിച്ചു, കാരണം, യോഹന്നാൻ പറയുന്നതു പോലെ, നമുക്ക് മനുഷ്യരിൽനിന്ന് ഒരിക്കലും *അഗാപെ* മനസിലാക്കുവാൻ കഴിയുകയില്ല, അത് ദൈവത്തോടുള്ള സ്നേഹമായിരുന്നാൽ പോലും. ക്രൂശിൽ നടന്ന പാപമോചന യാഗമെന്ന ദൈവത്തിന്റെ വലിയ സ്നേഹത്തിലല്ലാതെ ലഭ്യവുമല്ല (1 യോഹ. 4:10)[3].

ദൈവത്തിന്റെ ഈ വലിയ പ്രവൃത്തിയുടെ നിലവാരമാണ് *അഗാപെ* യും അതിന്റെ അർത്ഥവും പുതിയ നിയമത്തിൽ നൽകുന്നത്. യഥാർത്ഥ *അഗാപെ* നോക്കിയശേഷം വേണം *അഗാപെ* പ്രയത്നം പകർത്തുവാനായിട്ട്. *അഗാപെ* ആണ് "ഏറ്റവും ഉയർന്ന തരം"[4] സ്നേഹം എന്ന് ഏ. ടി. റോബർട്സൺ ശരിയായി പറഞ്ഞിരിക്കുന്നു. ധ*അഗാപെയെ* എന്ന ക്രിയാരൂപം ഉപയോഗിച്ച്പ, "ക്രിസ്ത്യാനികൾ ദൈവത്തിന് പ്രിയപ്പെട്ടവരാണ്" എന്നു പറഞ്ഞിരിക്കുന്നു.

**വാക്യം 4. സഹോദരന്മാർ** തനിക്ക് പ്രിയപ്പെട്ടതായി പൗലൊസ് ഈ ലേഖനത്തിൽ അടിക്കടി ഉപയോഗിച്ചിരിക്കുന്ന വാക്കാണ് (ἀδελφός *അഡെൽഫോസ്*) (2:1; 3:2; 4:6; 4:10). തെസ്സലൊനിക്യ ലേഖനത്തിൽ മാത്രം അത് ഇരുപത്തിയഞ്ചു പ്രാവശ്യം കാണാം. എല്ലാ മനുഷ്യരും **ദൈവത്തിനു പ്രിയപ്പെട്ടവരാണ്** (ἠγαπημένοι ὑπὸ [τοῦ] θεοῦ ധ*തേയോപ ഒയേയിയോ*, എഗാപെനോയി ഹുപോ ധടൗപ തെയൗ) (യോഹ. 3:16 നോക്കുക), എന്നാൽ ദൈവത്തിന്റെ സ്നേഹം അധികമായി അനുഭവിക്കുന്നത് ക്രിസ്ത്യാനികളാണ്. ദൈവത്തിന്റെ സ്നേഹവായ്പ് സ്വീകരിച്ചവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ട് ക്രിസ്ത്യാനികൾ പ്രത്യേകമായി "ദൈവത്തിന് പ്രിയപ്പെട്ടവരാണ്". അവർ ക്രിസ്തു മുഖാന്തരം ദൈവത്തോട് നിരപ്പ് പ്രാപിച്ചവരാണ് (2 കൊ. 5:19). ദൈവത്തെ അനുസരിക്കുന്നവർക്കാണ് ദൈവത്തിന്റെ പ്രത്യേക സ്നേഹം ലഭിക്കുന്നതെന്ന് യൂദാ 21 വ്യക്തമാക്കുന്നു. ആ പ്രത്യേക ബന്ധത്താൽ ക്രിസ്ത്യാനികളെ ദൈവം **തിരഞ്ഞെടുക്കുന്നു**. ആ തിരഞ്ഞെടുപ്പിനെ കുറിച്ച് പൗലൊസ് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നതാണ് ("നിങ്ങളുടെ തിരഞ്ഞെടുപ്പ്"; കെജെവി) എന്നു പറഞ്ഞിരിക്കുന്നു.

പഴയ നിയമത്തിൽ യെഹൂദന്മാരെ തന്റെ ജനമായി ദൈവം തിരഞ്ഞെടുത്തതുപോലെ, ജാതികളായിരുന്ന, ആ ഇടവകയെയും തിരഞ്ഞെടുത്തതായിട്ടാണ് പൗലൊസ് ഉറപ്പ് നൽകിയത്. നമ്മോടുള്ള സ്നേഹവും കരുതലും നിമിത്തമാണ് അടിസ്ഥാനപരമായി ദൈവം നമ്മെ തിരഞ്ഞെടുക്കുന്നത്. അവൻ ആദ്യമായി അതിനു തയ്യാറായില്ലെങ്കിൽ

നിരപ്പ് സംഭവിക്കുമായിരുന്നില്ല (യെശ. 64:6); എന്നാൽ ആളുകളെ അവൻ തിരഞ്ഞെടുക്കുന്നതിന് നിറവേറ്റേണ്ട നിബന്ധനകളുണ്ട്.

"സത്യത്തിലുള്ള വിശ്വാസത്താലും, ആത്മാവിന്റെ ശുദ്ധീകരണത്താലും" ആണ് ഒരാളെ തിരഞ്ഞെടുക്കുന്നതെന്ന് 2 തെസ്സലൊനിക്യർ 2:13 വ്യക്തമാക്കുന്നു. വിശ്വസിക്കാതിരിക്കുന്നവർക്കും ആത്മാവിന്റെ പ്രവർത്തനഫലം ലഭിക്കാത്തവർക്കും (അനുസരണ ആശയവും അതിൽ ഉൾപ്പെടുന്നു) രക്ഷ ലഭിക്കുന്നില്ല. ആ വിശ്വാസം (അഥവാ അനുസരണം), തുടരേണ്ട ഒന്നാണ്. നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ, 2 പത്രൊസ് 1:5–11 ൽ പറയുന്ന ക്രിസ്തീയ മനോഗുണങ്ങളായ ജ്ഞാനം, ഇന്ദ്രിയജയം തുടങ്ങിയവ ജീവിതത്തിൽ കൂട്ടിച്ചേർക്കേണ്ടത് അനിവാര്യമാണ് (വാ. 10). സത്യത്തിൽനിന്നു വീണുപോകാതിരിക്കുന്ന അവസ്ഥയിലേക്കല്ല, തെസ്സലൊനിക്യർ പോലും രക്ഷിക്കപ്പെടുന്നത് (3:5; 4:6; 5:6–9). ആദ്യമായി, ദൈവം ഒരു കുട്ടരെ രക്ഷക്കായും (വിശ്വാസത്താലും, അനുസരണത്താലും), മറ്റൊരു കൂട്ടരെ നാശത്തിനായും (അവിശ്വാസത്താലും, അനുസരക്കേടിനാലും) തിരഞ്ഞെടുക്കുന്നു എന്നു നാം മസിലാക്കണം. ഏതു കൂട്ടത്തിലാണ് ഉൾപ്പെടേണ്ടത് എന്ന് തീരുമാനിക്കേണ്ടത് നാം ആണ്.

ശരിയായ സംഘത്തിലായിരിക്കുവാൻ സുവിശേഷം അനുസരിച്ച്, ദൈവ വഴിയിൽ വളർന്ന് പരിജ്ഞാനത്തോട് വീര്യവും മറ്റെല്ലാ മനോഗുണങ്ങളും വളർത്തിയെടുത്തു മരണത്തോളം വിശ്വസ്തത തുടരണം. തിരഞ്ഞെടുപ്പ് ജീവിതം എങ്ങനെയായിരിക്കണം എന്നു വിശദമാക്കുന്ന കൊലൊസ്യർ 3:12–17 മായും ഈ ചിന്ത താരതമ്യം ചെയ്യുക. ദൈവം അവരെ തിരഞ്ഞെടുത്തതായി താൻ അറിയുന്നു എന്നുകൂടെ പോലൊസ് വ്യക്തമാക്കിയത് ശ്രദ്ധിക്കുക. അവരുടെ പരിവർത്തനത്തെ കുറിച്ച് അവന് യാതൊരു സംശയവും ഇല്ലാതിരുന്നതിനാൽ അവരെ ദൈവം തിരഞ്ഞെടുത്തു എന്ന് അവന് ഉറപ്പായിരുന്നു. അവരെ ദൈവം തിരഞ്ഞെടുത്തതാണെന്ന് അപ്പൊസ്തലൻ പറഞ്ഞത് ആ പുതിയ ക്രിസ്ത്യാനികളെ വീണ്ടും ഉറപ്പിക്കുന്നതായിരുന്നു.

## തെസ്സലൊനിക്യരുടെ തിരഞ്ഞെടുപ്പ് തീർച്ച
## (1:5-7)

**5 ഞങ്ങളുടെ സുവിശേഷം, വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നത്. നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരിക്കുന്നു എന്ന് അറിയുന്നുവല്ലൊ. 6 ബഹുകഷ്ടം സഹിക്കേണ്ടി വന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ട് ഞങ്ങൾക്കും കർത്താവിന്നും അനുകാരികളായി തീർന്നു. 7 അങ്ങനെ നിങ്ങൾ മക്കെദോന്യയിലും അഖായയിലും വിശ്വസിക്കുന്നവർക്ക് എല്ലാവർക്കും മാതൃകയായി തീർന്നു.**

**വാക്യം 5. സുവിശേഷം** എന്ന വാക്കിനർത്ഥം "നല്ല വാർത്ത" എന്നാണ്. ഈ സന്ദർഭത്തിൽ, നമ്മുടെ പാപങ്ങളിൽ നിന്ന് ക്രിസ്തു മുഖാന്തരം രക്ഷ ലഭിച്ചതാണ് നല്ല വാർത്ത. അങ്ങനെ, ആ സുവിശേഷം, ആദ്യം ദൈവത്തിന്റേതും (2:8, 9), പിന്നെ പൗലൊസും, തിമൊഥെയൊസും അത്

സ്വീകരിച്ച്, അനുസരിച്ച്, പ്രസംഗിച്ചതിനാൽ അവരുടേതുമായി തീർന്നു. സുവിശേഷം അവരുടെ ജീവിതത്തിൻെറ ഭാഗമായി തീർന്നു. അടിസ്ഥാനപരമായി അതിന്റെ അതേ മൂലകങ്ങൾ തന്നെയാണ് (1 കൊ. 15:1–11), സത്യം പ്രസംഗിച്ചവരായ മറ്റു പ്രാസംഗികന്മാരും പ്രസംഗിച്ചത് (പ്രവൃ. 2:22–36 താരതമ്യം ചെയ്യുക). **വചനത്തിൽ,** അതേ മൂലകങ്ങൾ തന്നെയാണ്, തീർച്ചയായും അവർ പ്രഖ്യാപിച്ചത്; അവർ പ്രസംഗം അവതരിപ്പിച്ചപ്പോൾ അതിൽ ശക്തിയും അടങ്ങിയിരുന്നു (പ്രവൃ. 17:1–9), "ദൈവ-ഭക്തിയുള്ള അസംഖ്യം യവനന്മാരടക്കം" അതിനാൽ സ്വാധീനിക്കപ്പെട്ടു. ഗ്രീക്ക് വാക്ക് δύναμις (*ഡുനാമിസ്*) അർത്ഥം, വാക്കുകളുടെ സന്ദേശത്താലും, പ്രത്യേകിച്ച്, "ശക്തിയോടുകൂടിയത്" ആണ്, അതായത്, സന്ദേശത്തിന്റെ പിന്നിൽ ദൈവികയാഥാർത്ഥ്യം ആയിരുന്നു എന്നർത്ഥം.[5] ആകയാൽ ദൈവം അവരെ എങ്ങനെ **ശക്തിയോടുകൂടി** പ്രസംഗിക്കുവാൻ സഹായിച്ചു എന്നു പറയുകയായിരിക്കാം ചെയ്തത്. അവരുടെ വാക്കുകളിൽ ശൂന്യമായ റിങ്ങ് ഉണ്ടായിരുന്നില്ല; മറിച്ച് അവരുടെ വാക്കുകളിൽ **പൂർണ്ണ ബോധ്യം** ഉണ്ടായിരുന്നു. ആ ശക്തി **പരിശുദ്ധാത്മാവുമായി** ബന്ധപ്പെട്ടിരുന്നു, ഒരുപക്ഷെ അത്, അപ്പൊസ്തലന്മാരിൽ നടന്ന അത്ഭുതപ്രവൃത്തികളാൽ അവർ സംസാരിച്ച വചനം ദൈവസാന്നിധ്യത്തെ ഉറപ്പിക്കുന്നതിനായിരുന്നു എന്നു പറയാം (1 കൊ. 2:4, 5; 2 കൊ. 12:12; എബ്രാ. 2:1–4).

അടുത്തത്, അവർ തെസ്സലൊനിക്യയിലായിരുന്നപ്പോൾ അവരോട് എങ്ങനെ പെരുമാറി എന്നു വ്യക്തമാക്കുന്നു. ധഅവർപ **ഏതു തരം ആളുകളായിരുന്നു** എന്ന് തെളിയിക്കപ്പെട്ടതായി ധഅവർക്കിടയിൽപ **ജീവിച്ചപ്പോൾ തെളിയിക്കപ്പെട്ടതായി**, സഹോദരന്മാർ അറിഞ്ഞിരുന്നതായിട്ടാണ് പൗലൊസ് പറയുന്നത്. ഇതിൽ ഒരു സ്വയ-പ്രതിരോധ വലയം കാണാം, അത് അധികമായി വർദ്ധിച്ചു വരുന്നത് അദ്ധ്യായം 2 ൽ ആണ്. പൗലൊസ് ചെയ്ത പ്രവൃത്തികളെല്ലാം, സ്വർത്ഥ താൽപര്യമനുസരിച്ച് ചെയ്തതായിരുന്നില്ല, മറിച്ച് എല്ലാം ധഅവർക്ക്പ **വേണ്ടി** ആയിരുന്നു. അക്കാലത്തെ മറ്റു ഉപദേഷ്ടാക്കന്മാരിൽനിന്നു വ്യത്യസ്തമായിരുന്നു അവരുടെ ജീവിതം. ആത്മാവിന്റെ-പിന്തുണയാൽ ധാർമ്മികമായി, ആത്മാർത്ഥതയും നിഷ്ക്കളങ്കതയുള്ളവരുടെ പ്രസംഗമായിരുന്നതിനാൽ, അവരുടെ തിരഞ്ഞെടുപ്പ് അവർക്ക് ഉറപ്പിക്കാമായിരുന്നു. എങ്ങനെയായാലും, തെസ്സലൊനിക്യർ വചന സന്ദേശം സ്വീകരിച്ച രീതിയാണ്: തിരഞ്ഞെടുപ്പ് ഉറപ്പിന്റെ രണ്ടാമത്തെ കാരണം (വാ. 6 നോക്കുക).

**വാക്യം 6. അനുകാരികൾ** (μιμηταὶ *മിമെറ്റസ്*) എന്നു പറയുന്നവർ മറ്റൊരാളെ മാതൃകാ പുരുഷനായി നോക്കി കാണുന്നവരാണ്. താൻ ആത്മാർത്ഥമായി ക്രിസ്തുവിനെ അനുകരിക്കുവാൻ ശ്രമിക്കുന്നതിനാൽ (1 കൊ. 4:4), എന്റെ അനുകാരിയാകുവിൻ എന്ന് പൗലൊസിന് പറയുവാൻ കഴിഞ്ഞു (1 കൊ. 11:1) പ്രത്യേകിച്ച് **കർത്താവിനെ** അനുകരിക്കുവാൻ സാധിച്ചതിനാലാണ്. തെസ്സലൊനിക്യയിലുള്ളവർ പൗലൊസിനേയും കൂട്ടാളികളെയും അനുകരിക്കണമായിരുന്നു. വാസ്തവത്തിൽ അവർ മുഖാന്തരം തെസ്സലൊനിക്യർ അനുകരിക്കുന്നതു "കർത്താവിനെ" ആയിരുന്നു. കാരണം പൗലൊസ് വളരെ ശ്രദ്ധയോടെയായിരുന്നു ക്രിസ്തുവിന്റെ മാതൃക പിൻപറ്റിയത് (1 കൊ. 11:1; 4:16). നാം പരിവർത്തനം ചെയ്തവർ സ്വാഭാവികമായും നമ്മെ അനുകരിക്കും. നാം അവന്റെ രാജ്യത്തിന് പ്ര

ഥമസ്ഥാനം നൽകുന്നതും അവനു വേണ്ടി നാം ത്യാഗമായി തീരുന്നതും അവർ കാണുന്നുവെങ്കിൽ അങ്ങനെ സംഭവിക്കും, അല്ലെങ്കിൽ നമ്മുടെ ഉപദേശം "വാക്കിൽ മാത്രം" ഒതുങ്ങി ലൗകിക ഭ്രമമായിരിക്കും ആദ്യം വരുന്നത്. അങ്ങനെയുള്ളവർക്ക് ത്യാഗം എന്ന വാക്കിന്റെ അർത്ഥം അറിയുകയില്ലേ? തങ്ങളുടെ വാക്കുകളാലും, ജീവിതത്താലും ആയിരിക്കും വാസ്തവത്തിലുള്ള ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ പ്രവർത്തിക്കുക.

അവർക്ക് പിൻപറ്റുവാൻ നല്ല മാതൃക ഉണ്ടായിരുന്നതുകൊണ്ട് **പരീക്ഷണങ്ങളുടെ ആധിക്യത്തിലും** അവർക്ക് കർത്തതാവിലുള്ള വിശ്വസ്തത തുടരുവാൻ കഴിഞ്ഞു. കഠിനമായ ശോധനയെയാണ് ആ പ്രയോഗം വ്യക്തമാക്കുന്നത്. അവർക്ക് നേരിട്ട ഉപദ്രവം ഒരുപക്ഷെ യെഹൂദന്മാരിൽനിന്നായിരിക്കാം (പ്രവൃ. 17:5-9), കൂടാതെ, അവരുടെ സഹയവനന്മാരിൽനിന്നും നേരിട്ടിരിക്കാം (2:14; 2 തിമൊ. 3:12 നോക്കുക).

**പരിശുദ്ധാത്മാവിന്റെ സന്തോഷം** എന്നതു സൂചിപ്പിക്കുന്നത്, ഒരാൾ ദൈവസന്ദേശം അനുസരിക്കുന്നതിനായി തന്റെ ഹൃദയം തുറക്കുമ്പോൾ, പരിശുദ്ധാത്മാവിൽനിന്നു ലഭിക്കുന്ന അനുഭൂതിയാണ്. വാസ്തവത്തിൽ, നാം ഇപ്പോൾ നമ്മുടെ സൃഷ്ടാവിനെ അറിയുന്നതിനാൽ, എന്തു തന്നെ നേരിടേണ്ടി വന്നാലും അഭിമുഖീകരിക്കുവാൻ കഴിയുമെന്നതാണ് സന്തോഷം. പ്രവൃത്തികളുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പരിവർത്തകരുടെ സന്തോഷാനുഭവം നോക്കുക (8:39; 16:34).

ഉപദ്രവങ്ങളാൽ തങ്ങൾക്കുണ്ടായ ദുഃഖത്തെ അതിജീവിക്കുവാൻ കഴിയുന്നതായിരുന്നു തെസ്സലൊനിക്യരുടെ സന്തോഷം. അവർക്കുള്ളിലുണ്ടായിരുന്ന സമാധാനവും ശാന്തതയും പുറമെയുള്ള സാഹചര്യത്തെ കവിയുന്നതായിരുന്നു. (റോമ. 8:18 താരതമ്മ്യം ചെയ്യുക).

അവർ സന്ദേശം സ്വീകരിച്ച രീതിയും, പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളിൽ കൊടുത്ത സന്തോഷവും, അവരെ ദൈവം തിരഞ്ഞെടുത്തു എന്നു പൗലൊസ് പറയുവാൻ കാരണമായി തീർന്നു.

**വാക്യം 7.** പൗലൊസിന്റെ കാലത്ത്, മക്കെദോന്യയും അഖായയും റോമാ സാമാജ്ര്യത്തിലെ രണ്ടു പ്രദേശങ്ങളായിരുന്നു. **അഖായ** എന്നറിയപ്പെട്ടിരുന്നത്, ഇന്നത്തെ ഗ്രീസിന്റെ തെക്കുഭാഗത്തുണ്ടായിരുന്ന സ്ഥലമായിരുന്നു, അതിൽ കൊരിന്തും അഥേനയും ഉൾപ്പെട്ടിരുന്നു. ഇന്ന് നാം ഗ്രീസ് എന്നു വിളിക്കുന്ന സ്ഥലത്തിന്റെ വടക്കുഭാഗത്തായിട്ടായിരുന്നു **മക്കെദോന്യ** സ്ഥിതി ചെയ്തിരുന്നത്, അതിൽ തെസ്സലൊനിക്യ, ഫിലിപ്പിയ, ബെരോവ എന്നീ സ്ഥലങ്ങൾ അടങ്ങിയിരുന്നു. തെസ്സലൊനിക്യയിലുള്ളവർ ആദ്യം അനുകാരികളായി തീർന്നു (വാ. 6) എന്നും, പിന്നീട് അവർ വിശ്വസിച്ച അടുത്തുള്ള പ്രദേശക്കാർക്ക് "മോഡൽ" (എൻഐവി) അഥവാ **മാതൃക** ആയി തീർന്നു എന്നാണ് പൗലൊസ് പറഞ്ഞത്. "മാതൃക" എന്ന വാക്ക് വരുന്നത്, (ടുപോസ്), അതിന്റെ അർത്ഥം, അടിച്ചുവരുത്തുന്ന ആകൃതി, പ്രത്യേക രീതി യോഹന്നാൻ 20:25 ലേതുപോലെയുള്ള അച്ചടി പകർപ്പ്, മാതൃക അല്ലെങ്കിൽ രീതി.[6] മുൻപ് നാം കണതുപോലെ അവൻ ക്രിസ്തുവിനെ അനുകരിച്ചതിനാൽ, അവർ പൗലൊസിന്റെ അനുകാരികളായി തീർന്നു (1 കൊ. 11:1).

കർത്താവിന്റേയും അവന്റെ വിശ്വസ്ത ദാസന്മാരുടേയും മാതൃക പിൻപറ്റുമ്പോൾ, അത് മറ്റുള്ളവർക്ക് പ്രചോദനവും സ്വാധീനവുമായി തീരും. തങ്ങളുടെ ജീവിതം എത്രമാത്രം മറ്റുള്ളവരിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്

എന്ന് ഒരുപക്ഷെ തെസ്സലൊനിക്യർ അറിഞ്ഞിട്ടുണ്ടാകയില്ല, എന്നാൽ ആള ുകളുടെ മാതൃക എല്ലായ്പോഴും ഒന്നുകിൽ നല്ലതായി അല്ലെങ്കിൽ മോശമായി, സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. ഒരുപക്ഷെ മക്കെദോന്യയിലും അഖായയിലുമുള്ള ആയിരക്കണക്കിന് വിശ്വാസികളിൽ സ്വാധീനം ചെലുത്തി കഴിഞ്ഞിരിക്കാം അവരുടെ ക്രിസ്തീയ ജീവിതം. പുതിയനിയമത്തിൽ മറ്റുള്ളവർക്ക് മാതൃകയായി എന്നു പറഞ്ഞിരിക്കുന്ന ഏക സഭ തെസ്സലൊനിക്യ സഭയായിരുന്നു. തീർച്ചയായും, ആ **വിശ്വാസികൾ** സുവിശേഷം അനുസരിച്ചവരായിരുന്നു. പ്രവൃത്തികൾ 2:41 ൽ സ്നാനപ്പെട്ടവരായി പറഞ്ഞിരിക്കുന്നവരെയും വാക്യം 44 ൽ "വിശ്വാസികൾ" എന്നാണ് വിളിച്ചിരിക്കുന്നത്.

## തെസ്സലൊനിക്യരുടെ മാതൃകാ സ്വാധീനം
## (1:8-10)

**8നിങ്ങളുടെ അടുക്കൽനിന്നു കർത്താവിന്റെ വചനം മുഴങ്ങി ചെന്നത് മക്കെദോന്യയിലും അഖായയിലും മാത്രമല്ല; എല്ലാടവും നിങ്ങൾക്ക് കർത്താവിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു; അതുകൊണ്ട് ഞങ്ങൾ ഒന്നും പറവാൻ ആവശ്യമില്ല. 9ഞങ്ങൾക്ക് നിങ്ങളുടെ അടുക്കൽ എങ്ങനെയുള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽപിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽനിന്നു നമ്മെ വിടുവിക്കുന്നവനും ആയ യേശു 10സ്വർഗത്തിൽനിന്ന് വരുന്നതു കാത്തിരിപ്പാനും നിങ്ങൾ വിഗ്രഹങ്ങളെ വിട്ട് എങ്ങനെ ദൈവത്തിലേക്ക് തിരിഞ്ഞു വന്നു എന്നും അവർ തന്നെ പറയുന്നു.**

**വാക്യം 8.** ഈ വാക്യം 9 ഉം 10 ഉം വാക്യങ്ങളോടുകൂടി പറയുന്നത് തെസ്സലൊനിക്യർ എങ്ങനെ "മാതൃക" ഉള്ളവരായി തീർന്നു എന്നാണ് (വാ. 7). ഈ അദ്ധ്യായത്തിന്റെ അവസാന വാക്യങ്ങളിൽ തെസ്സലൊനിക്യരുടെ മാതൃക എന്ന ചിന്ത തുടരുകയാണ്. **കർത്താവിന്റെ വചനവും** (സുവിശേ ഷം) **ദൈവത്തോടുള്ള** അവരുടെ **വിശ്വാസവും** (കേട്ട സന്ദേശം അവരുടെ നിലവാരമായി സ്വീകരിക്കൽ) (*പിസ്റ്റിസ്*) **ഫലപ്രദമായി അവരെ ഉണർത്തി.** അവരുടെ വിശ്വാസം കേന്ദ്രീകരിച്ചത് വിഗ്രഹത്തിലായിരുന്നില്ല, മറിച്ച് ജീവന ുള്ള ദൈവത്തിലായിരുന്നു.

"മുഴങ്ങി ചെന്നത്" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ഇടിമുഴക്കം അഥവാ കാഹളനാദം പോലെയുള്ള പ്രതിധ്വനിയായിരുന്നു അവരിൽനിന്നും പുറപ്പെട്ടത്. അപ്പോഴും ആ ശബ്ദം മുഴങ്ങി കേട്ടുകൊണ്ടിരുന്നു എന്നാണ് അവിടെ ഉപ യോഗിച്ച പൂർണ്ണക്രിയാരൂപം വ്യക്തമാക്കുന്നത്. അതായത്, തെസ്സലൊനിക്യ സഭ ഒരുശബ്ദിക്കുന്ന ബോർഡായിരുന്നു. കിഴക്കോട്ടും പടിഞ്ഞാറോട്ടുമുള്ള റോമൻ റോഡുകൾ കടന്നുപോകുന്ന എഗ്നേഷ്യൻ ഉൾക്കടൽ തീരത്ത് വലിയ വ്യാവസായിക തുറമുഖം സ്ഥിതി ചെയ്തതിനാലും, വചനം ശക്തിയോടെ മുഴങ്ങിച്ചെല്ലുവാൻ സാധ്യത ഒരുങ്ങിയിരിക്കാം. അങ്ങനെ അവർ കൈക്കൊണ്ട സുവിശേഷ വചനം **മക്കെദോന്യയിലേക്കും**, **അഖായയിലേക്കും**, **മറ്റെല്ലാ സ്ഥലങ്ങളിലേക്കും** വ്യാപിച്ചു ("എല്ലായിടത്തേക്കും"; എൻഐവി).

''എല്ലായിടത്തേക്കും'' എന്നു പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ, പെ

രുപ്പിച്ചു—അതിശയോക്തിപരമായി പറയുന്നതായിരിക്കാം, എങ്ങനെയായാലും, അത് വഞ്ചനാത്മകമായ പ്രസ്താവനയല്ല. പൗലൊസിനും സംഘാംഗങ്ങൾക്കും **ഇനി ഒന്നും പറയേണ്ട ആവശ്യമില്ലാത്ത** രീതിയിലാണ് സന്ദേശം അവരിൽന ിന്ന് പുറപ്പെട്ടത് എന്നു വ്യക്തം. അവർ കണ്ടുമുട്ടിയ ആളുകളെല്ലാം വാർത്ത കേട്ടുകഴിഞ്ഞിരിക്കുവാൻ സാധ്യതയുണ്ട്. സന്ദേശം വ്യാപിച്ചത് രണ്ടു മാർഗങ്ങളിൽകൂടെ ആയിരിക്കാം: ഒന്ന്, അവർ ഉപദേശിച്ച് പരിവർത്തനം ചെയ്തവരാലും, കടന്നുപോയ ആളുകളിൽകൂടെയും, രണ്ട്, അവർ സഭയിലെ അംഗങ്ങളെ സുവിശേഷ പ്രസംഗത്തിന് അയച്ചതിൽകൂടെയും. തെസ്സലൊന ിക്യരുടെ "മാതൃക" പിൻപറ്റി നമ്മിൽനിന്ന് സുവിശേഷം മുഴങ്ങി കേൾക്കയും നമ്മുടെ വിശ്വാസം അറിയപ്പെടുകയും ചെയ്യേണ്ടേ?

**വാക്യം 9**. പൗലൊസും സംഘാംഗങ്ങളും മറ്റുള്ളവരിൽനിന്നു കേട്ട സംഭവങ്ങളുടെ മുഖ്യ പോയന്റുകളാണ് വാക്യം 10 ഓടുകൂടി വാക്യം 9 ൽ നൽകുന്നത്. അവർ അവർക്ക് **സ്വീകരണം** "സ്വാഗതം" ആണ് നൽകിയത് (ആർഎസ്‌വി).

തെസ്സലൊനിക്യർ **തിരിഞ്ഞു**. എൻഐവി തർജിമ ചെയ്തിരിക്കുന്നത് "മാറി" എന്നാണ്, ആ മാറ്റം കൂടാതെ ഒരാൾക്ക് "സ്വർഗരാജ്യത്തിന്റെ" ഭാഗമ ാകുവാൻ കഴിയുകയില്ല എന്നും പറഞ്ഞിരിക്കുന്നു (മത്താ. 18:3). വിശ്വാ സവും മാനസാന്തരവും, അഥവാ മനസിന്റെ മാറ്റമാണ്, അവരുടെ ജീവിത ശൈലി തന്നെ മാറ്റി മറിച്ചത്. "തിരിഞ്ഞു" എന്ന വാക്ക് വരുന്നത് ἐπιστρέφω (*എപിസ്ട്രെഫോ*), അത് തിരിയുന്നതിനുള്ള പഴയ ക്രിയയാണ്. ഇത് പ്ര വൃത്തികളുടെ പുസ്തകത്തിൽ സാധാരണ ഉപയോഗിച്ചിരിക്കുന്നത്, ഒരാൾ ദൈവത്തിലേക്ക് "തിരിയുന്നതിനാണ്" (പ്രവൃ. 3:19 നോക്കുക)[7].

ആ മാറ്റം **വിഗ്രഹങ്ങളെ** അഥവാ ബിംബങ്ങളെ വിട്ടുകൊണ്ടായിരുന്നു, അത്, സ്യൂയസ്, അപ്പോളോ, അർത്തെമിസ് തുടങ്ങിയ ദേവന്മാരെ പ്രതിനിധാനം ചെയ്യുന്നവയായിരുന്നു. (ഗ്രീക്ക് ദേവതയായിരുന്ന ഡയാനയെയാണ് അവ പ്ര തിനിധീകരിച്ചിരുന്നത്); ആ ദേവന്മാരെല്ലാം സങ്കൽപങ്ങളായിരുന്നതുകൊണ്ട്, വാസ്തവത്തിൽ അവർ ആരാധിച്ചത് വിഗ്രഹങ്ങളെയായിരുന്നു. ഏകദേശം മക്കെദോന്യയിലെ എല്ലാ ഒഴിവു ദിവസങ്ങളും ആഘോഷങ്ങളും ആ ദേവന്മാരെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു, അവരുടെ ക്ഷേത്രങ്ങളെല്ലാം സാമൂഹ്യജീവിതത്തിന്റെ കേന്ദ്രവുമായിരുന്നു. ആ പുതിയ ക്രിസ്ത്യാനികൾ അവരുടെ അയൽക്കാരുമായി അത്തരം പ്രവൃത്തികളിൽ കൂട്ടാളികളാകാതെ വന്നു. അവർ മാറിയത് ക്രിയാത്മകമായി, ദൈവത്തിങ്കലേക്കായിരുന്നു, **ജീവന ുള്ള സത്യ ദൈവത്തിലേക്കായിരുന്നു**, അല്ലാതെ ചുമന്നുകൊണ്ടു നടക്കുന്ന വിഗ്രഹങ്ങളിലേക്കായിരുന്നില്ല (യോശു. 3:10; യിരെ. 10:1–7). വിഗ്രഹങ്ങൾ സാങ്കൽപികമാണ്, ദൈവം "സത്യവാൻ" (1 കൊ. 8:4–6).

അവനെ സേവിക്കേണ്ടതിന്ന് തെസ്സലൊനിക്യർ ജീവനുള്ള സത്യ ദൈവത്തിലേക്കാണ് തിരിഞ്ഞത്. സേവിക്കുക എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് δουλεύω (*ഡൗലെയോ*), വാസ്തവത്തിൽ അർത്ഥമാക്കുന്നത് "അടിമ" എന്നപോലെ തുടർച്ചയായി **സേവിക്കുക** എന്നാണ്. ക്രിസ്ത്യാന ിത്വം എന്നാൽ പൂർണ്ണമായി ഒരാൾ തന്നെത്തന്നെ ഏൽപ്പിക്കുന്നതാണ് (റോമ. 6:15–18) ഭൂമിയിലെ ശേഷിച്ച ജീവിതം മുഴുവൻ ഒരാൾ തന്നെത്തന്നെ ഏൽപ ിച്ചു കൊടുക്കുന്നതാണ്. സേവനത്തിന്റെ പൂർണ്ണ മാതൃകയാണ് യേശു നൽകിയിരിക്കുന്നത് (മത്താ. 20:28). ശരിയായ കാഴ്ച്ചപ്പാടിൽ നാം സേവന

ത്തെ കാണുകയാണെങ്കിൽ, നമുക്ക് അതിൽ സന്തോഷിക്കുവാൻ കഴിയും.

**വാക്യം 10**. തെസ്സലൊനിക്യർ സേവിക്കുന്നതായിട്ടാണ് വാക്യം 9 ൽ നാം കണ്ടത്. അവർ കാത്തിരുന്നപ്പോഴും സേവിക്കുന്നതായിട്ടാണ് ഇവിടെ നാം കാണുന്നത്. **കാത്തിരിക്കുക** എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*അനാമെമോ*) ആണ്, അവർ യേശു മടങ്ങി വരുന്നതിനു വേണ്ടിയായിരുന്നു കാത്തിരുന്നത്. പരിധിയില്ലാതെ വർത്തമാനകാലത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയായിട്ടാണ് *അനാമെനെയിൻ* എന്നത് സൂചിപ്പിക്കുന്നത് എന്നാണ് റോബർട്സൺ പറഞ്ഞത്, അതായത് “കാത്തുകൊണ്ടിരിക്കുക.”[8] ക്രിസ്തുവിന്റെ മടങ്ങിവരവ് ക്രിസ്ത്യാനികൾ “കാത്തിരുപ്പ് നിലനിർത്തിക്കൊണ്ടിരിക്കുകയാണ്.”

പൗലൊസ് അവരോട് പ്രസംഗിച്ച മുഖ്യ പോയിന്റുകളായിരിക്കാം ഈ വാക്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. (അതായത് മറ്റു ജാതികളോടുള്ള പ്രസംഗങ്ങൾ, പ്രവൃ. 14:15–17; 17:22–31). താൻ മടങ്ങി വരുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (യോഹ. 14:3), അവന്റെ മടങ്ങി വരവ് അനുസരിച്ചവർക്ക് അനുഗ്രഹമായി തീരും എന്നതിനാൽ, അവർ “ആകംക്ഷയോടെ കാത്തിരുന്നു” (ഫിലി. 3:20). അക്കാരണത്താൽ ദൈവത്തിന്റെ **പുത്രൻ** ആയ യേശുവിന്റെ മടങ്ങിവരവിനായി പക്വതയുള്ള ക്രിസ്ത്യാനികൾ കാത്തിരുന്നു. ധഅവനെപ **മരിച്ചവരിൽ നിന്ന് അവൻ** ധപിതാവ്പഉയർപ്പിച്ചപ്പോൾ അവന്റെ ദൈവവികത്വത്തെ ഉറപ്പിക്കുകയായിരുന്നു (1 പത്രൊ. 1:3; പ്രവൃ. 2:24–33). നാം ആരാധിക്കുന്നത്-നിർജ്ജീവ വിഗ്രഹങ്ങളെ അല്ല-മറിച്ച് ജീവനുള്ള യേശുവിനെയാണ്.

ആ യേശുവാണ് നമ്മെ **വരുവാനുള്ള കോപത്തിൽനിന്ന് വിടുവിക്കുന്നത്**, കാരണം നാം വലിയ ആപത്തിലായിരുന്നു. പ്രചാരമില്ലെങ്കിലും, നിത്യശിക്ഷാവിധി എന്ന നരകത്തിലേക്ക് തള്ളിക്കളയുമെന്ന ആശയം വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു തന്നെയാണ്. അവസാന നാളിൽ ദൈവം അനുസരിക്കാത്തവരിൽ തന്റെ കോപം പ്രദർശിപ്പിക്കുമെന്ന് ഇവിടെ ആവർത്തിച്ചിരിക്കുന്നു. ദൈവത്തിന്റെ ക്രോധം മനുഷ്യന്റേതുപോലെ അനിയന്ത്രിതമല്ല; മറിച്ച്, ദുഷ്ടക്കും തെറ്റിനുമുള്ള ദൈവത്തിന്റെ ശക്തമായ വികാരപ്രകടനമാണ്, അവസാനം അത് “കണക്കു തീർക്കൽ” ആവശ്യപ്പെടുന്നു. അവന്റെ സ്നേഹം നമ്മുടേതിൽനിന്നു വ്യത്യസ്തവും ആഴവുമായിരിക്കുന്നതുപോലെ അവന്റെ കോപവും നമ്മുടേതിൽനിന്നും തീവ്രമായിരിക്കുന്നു. അനുസരിക്കാതിരിക്കുന്നവരിൽ അവന്റെ ക്രോധം ചൊരിയിക്കുമെന്ന് വേറെയും വാക്യങ്ങൾ വിശദമാക്കുന്നു (2:16; പ്രവൃ. 17:28–31; റോമ. 2:5–8). മനുഷ്യർ ഇത്തരത്തിൽ കഷ്ടതയനുഭവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. അതൊഴിവാക്കുവാനും, മനുഷ്യരെ ആ കഷ്ടതയിൽനിന്നു വിടുവിക്കുവാനും ദൈവം ആഗ്രഹിക്കുന്നു; അതുകൊണ്ട് ക്രിസ്തു മുഖാന്തരം മനുഷ്യർക്ക് അത് ഒഴിവാക്കുവാനായി ഒരു വഴി ഒരുക്കി. തെസ്സലൊനിക്യർ (വിശ്വസ്തരായ മറ്റു ക്രിസ്ത്യാനികളും) യേശു മുഖാന്തരം ആ ക്രോധത്തിൽനിന്നു “രക്ഷിക്കപ്പെട്ടു.”

## പ്രായോഗികത

വർഷങ്ങൾക്ക് മുൻപ്, ഒരു പ്രാസംഗികൻ ഒരു മീറ്റിങ്ങിൽ പ്ര

സംഗിക്കുന്നതിനായി ഒരു ട്രെയിനിൽ യാത്ര ചെയ്തു. അദ്ദേഹം ഇരുന്ന സീറ്റിന് എതിർവശത്തുള്ള സീറ്റിൽ ഒരു നാമധേയ വിഭാഗത്തിലെ പ്രാസംഗികൻ ഇരുന്നിരുന്നു. അവർ അങ്ങനെ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ കർത്താവിന്റെ മടങ്ങിവരവിനെ കുറിച്ച് സംഭാഷണം തുടർന്നു. "അടുത്ത മൂന്നു വർഷത്തിനുള്ളിൽ കർത്താവ് മടങ്ങി വരുമെന്ന് എന്നോടു പറഞ്ഞു" എന്ന് നാമധേയ വിഭാഗത്തിലെ ഉപദേഷ്ടാവ് അദ്ദേഹത്തോട് പറഞ്ഞു. അത് നിങ്ങളോട് പറയുകയില്ല എന്ന് മർക്കൊസ് 13:32, 33 ൽ എന്നോട് പറഞ്ഞു എന്നു നമ്മുടെ സുവിശേഷ പ്രാസംഗികൻ പറഞ്ഞു. തീർച്ചയായും, സുവിശേഷ പ്രസംഗികൻ പറഞ്ഞത് ശരിയാണ്. കർത്താവ് മടങ്ങി വരുന്നത് എപ്പോഴാണ് എന്ന് ആർക്കും അറിയുകയില്ല, എന്നാൽ പൗലൊസ് എഴുതിയ രണ്ട് ലേഖനങ്ങളിൽനിന്ന് അവന്റെ മടങ്ങി വരവിനെ കുറിച്ച് വളരെ കാര്യങ്ങൾ പഠിക്കും.

ഒന്നും രണ്ടും തെസ്സലൊനിക്യ ലേഖനങ്ങൾ ശ്രദ്ധിച്ചിരിക്കുന്നത് കർത്താവിന്റെ മടങ്ങി വരവിലാണ്. രണ്ടാം വരവിനെ കുറിച്ച് ഒന്നു തെസ്സലൊനിക്യ ലേഖനം ഒരു സമതുലനാവസ്ഥയിലുള്ള കാഴ്ച്ചപ്പാടാണ് നൽകുന്നത്. പരിവർത്തകരോട് അവരുടെ പരിവർത്തന സമയത്തേക്ക് തിരിഞ്ഞു നോക്കുവാനാണ് ലേഖകൻ ആവശ്യപ്പെടുന്നത് (1:1–3:13), അവരുടെ ആദ്യ സമർപ്പണത്തിലും (4:1–12), പിന്നെ, ക്രിസ്തുവിന്റെ വരവിലേക്ക് മുന്നോട്ടും നോക്കുവാനാണ് പറയുന്നത് (4:13–5:11).

**വെളിപ്പാട് നടപടി (1:1)**

തിരുവെഴുത്തിലെ ഏറ്റവും വലിയ മർമ്മങ്ങളിൽ ഒന്നാണ് അവ വെളിപ്പെടുത്തിയ നടപടി. ദൈവം അത് എങ്ങനെയാണ് നമ്മിൽ എത്തിച്ചതിന്റെ ഓരോ നിസാര കാര്യവും നമുക്ക് അറിയില്ലെങ്കിലും, അതിന്റെ വിശാലമായ ലക്ഷ്യം നമുക്ക് അറിയാം.

1 തെസ്സലൊനിക്യർ ഒന്നാം വാക്യത്തിൽ, ദൈവം തന്റെ വചനം നമ്മിലേക്ക് എങ്ങനെ കൊണ്ടുവന്നു എന്നു പറഞ്ഞിരിക്കുന്നു.

*ദൈവം തന്റെ വെളിപ്പാട് പരിശുദ്ധാത്മാവ് മുഖാന്തരമാണ് നൽകിയത്.* വാക്യം 1 ൽ അതിന്റെ സൂചന മാത്രമാണ് നൽകുന്നത്, എന്നാൽ വാക്യം 5 ൽ അത് ഉറപ്പിച്ചു പറയുന്നു. ബൈബിൾ വെളിപ്പാടിന്റെ ആരംഭം ദൈവികമായിരുന്നു എന്നു നാം ഇവിടെ കാണുന്നു.

ഈ ലേഖനങ്ങൾ അവരെ ബാധിക്കുന്നതായിട്ടാണ് പൗലൊസ് തെസ്സലൊനിക്യരെ ഓർപ്പിക്കുന്നത്. അത് സഭ മുഴുവനെയും ബാധിക്കുമെന്നർത്ഥം (1 തെസ്സ. 5:27). ഈ ലേഖനങ്ങളിൽ പറയുന്നത് അനുസരിക്കാതിരിക്കുന്നവരെ പ്രത്യേകം കുറിക്കൊൾവിൻ എന്ന് നിർദ്ദേശിച്ചിരിക്കുന്നു (2 തെസ്സ. 3:14). അവൻ കൊലൊസ്യർക്ക് എഴുതിയപ്പോൾ പറഞ്ഞതുപോലെ, ലേഖനം സഭായോഗത്തിൽ, പരസ്യമായി എല്ലാവരും കേൾക്കത്തക്കവണ്ണം വായിക്കണമായിരുന്നു (കൊലൊ. 4:16). ഈ ലേഖനത്തിന്റെ പിന്നിൽ പരിശുദ്ധാത്മശ്വാസിയമാണെന്ന് പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു.

*മനുഷ്യരിൽ കൂടെയാണ് അവൻ തന്റെ വെളിപ്പാട് നമ്മിൽ എത്തിച്ചത്.* പൗലൊസ് തെസ്സലൊനിക്യർക്ക് ലേഖനം എഴുതിയപ്പോൾ, ദൈവം ആ സന്ദേശത്തെ പരിശുദ്ധാത്മാവിനാൽ ശ്വാസിയമാക്കി. വെളിപ്പാടിന്റെ ആ ചാനൽ നമുക്ക് ഇവിടെ കാണാം.

*എഴുത്തുകൾ മുഖാന്തരമാണ് ദൈവം തന്റെ വെളിപ്പാട് നൽകിയത്.* അത് എഴുതപ്പെട്ട സന്ദേശമായിരുന്നു, ഒരാളുടെ കയ്യിൽ പിടിച്ച് വായിക്കാവുന്ന വെളിപ്പാട് ആയിരുന്നു അത്. ഈ സന്ദർഭത്തിൽ നമ്മളാണ് മുഖാന്തരമായി തീരുന്നത്. നമ്മുടെ മനസുകളിൽ കൂടെയാണ് ദൈവം അന്വേഷിക്കുന്നനത്; നാം അത് വായിച്ച്, മനസിലാക്കി, അവന്റെ സന്ദേശം അനുസരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

*ദൈവിക വെളിപ്പാട് ഒരു സന്ദർഭം മുഖേനയാണ് വന്നത്.* ലോകം മുഴുവൻ ആവശ്യമായ സത്യം വെളിവാക്കിയത് പ്രാദേശിക സഭയുടെ ഒരു സന്ദർഭത്തിലാണ് ദൈവം വെളിപ്പാട് ഉപയോഗിച്ചത്. അവൻ പ്രത്യേകമായ ഒന്ന് എടുത്ത് അതിനെ പൊതുവാക്കി മാറ്റി. ഏ. ടി. റോബർട്സൺ പറഞ്ഞു, "അത്യാവശ്യങ്ങൾ കാലാകാലത്തേക്ക് ... , നിവർത്തീകരിക്കുന്ന എഴുതപ്പെട്ട ലഘുലേഖകളാണ് പൗലൊസിന്റെ ലേഖനങ്ങൾ."[9]

ആ സമയത്ത് ഉപദ്രവങ്ങൾ സഹിച്ചുകൊണ്ടിരുന്ന തെസ്സലൊനിക്യരെ കുറിച്ച്, പൗലൊസ് കരുതലുള്ളവനായിരുന്നു. വിശ്വാസത്തിൽ അവർ ബാല്യത്തിലായിരുന്നതിനാൽ, പല സംശയങ്ങളും അവർക്ക് ഉണ്ടായിരുന്നു, പ്രത്യേകിച്ച് യേശുവിന്റെ മടങ്ങി വരവിനെ കുറിച്ച്. അവരുടെ ചില തെറ്റിദ്ധാരണകൾ ദൂരീകരിക്കുന്നതിനായിരുന്നു പൗലൊസ് ഈ ലേഖനം അവർക്ക് എഴുതിയത്. ദൈവിക വെളിപ്പാടുകൾ നൽകുവാനുള്ള സന്ദർഭങ്ങൾ നമുക്ക് ഇവിടെ കാണാം.

ദൈവത്തിന്റെ വെളിപ്പാടുകൾ എത്ര വലിയത്! അതു കൂടാതെ ദൈവത്തിന് നമ്മോടുള്ള ആ പ്രത്യാശ മനസിലാക്കുവാൻ നമുക്ക് കഴിയുകയില്ല. അതിൽ കൂടെ ദൈവത്തിന്റെ നിത്യമായ കാലത്തേക്കുള്ള ഒരു നടത്തിപ്പ് നമുക്ക് ലഭിക്കുന്നു. നാം അത് മനുഷ്യന്റെ വചനം ആയിട്ടല്ല, സാക്ഷാൽ ദൈവ വചന മായി കൈക്കൊള്ളണം. എഫ്സി.

### ആരാണ് ഒരു ക്രിസ്ത്യാനി? (1:1)

നാം ശ്രദ്ധിച്ചു ഉത്തരം നൽകേണ്ട നിത്യമായ പ്രധാനപ്പെട്ട ചോദ്യമാണ് ഇത്, കാരണം നമ്മുടെ ഉത്തരം ദൈവത്തിന്റേതുമായി യോജിക്കണം. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് ദൈവത്തിന്റെ ചിത്രം ഈ ലേഖനത്തിലെ പൗലൊസിന്റെ പ്രാരംഭ പ്രശംസകളിൽ പ്രതിഫലിച്ചിരിക്കുന്നു.

*സഭയുടെ ഭാഗമാണ് ഒരു ക്രിസ്ത്യാനി.* പൗലൊസ് പറയുന്നതനുസരിച്ച്, ക്രിസ്തുവിന്റെ സഭയുടെ ഭാഗമാകുന്നില്ലെങ്കിൽ അയാൾ ക്രിസ്ത്യാനി അല്ല. തെസ്സലൊനിക്യയിലെ സഭകൾക്കു വേണ്ടിയാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. അതായത്, തെസ്സലൊനിക്യയിൽ ക്രിസ്ത്യാനികളായി തീർന്നവരാണ് സഭയായി അറിയപ്പെട്ടത്.

*ദൈവിക പ്രതലത്തിലുള്ള ആളാണ് ഒരു ക്രിസ്ത്യാനി.* സഭ എന്നു പറയുന്നത് ദൈവത്തിലും യേശുക്രിസ്തുവിലും ആണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. തെസ്സലൊനിക്യയിലുള്ളവർക്ക് ആത്മിയ ജീവിതം ലഭിച്ചത് ദൈവത്തിൽനിന്നും ക്രിസ്തുവിൽനിന്നുമാണ്, അങ്ങനെ അവർ ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സ്വാധീനത്താൽ നയിക്കപ്പെട്ടവരാണ്. തെസ്സലൊനിക്യയിലുള്ളവർ ദൈവത്തിലും യേശുക്രിസ്തുവിലും ജീവിച്ചുവന്നു എന്നു പറയത്തക്കവണ്ണം സഭയായി അവർ അത്രമാത്രം ദൈവത്തോടും ക്രിസ്തുവിനോടും അടുത്തിരുന്നു, ദീർഘശ്വാസം വിടാവുന്ന

എന്തൊരു ചിന്ത!

*ദൈവം നൽകുന്ന ആത്മികാനുഗ്രഹങ്ങൾ സ്വീകരിക്കുന്ന വ്യക്തിയാണ് ക്രിസ്ത്യാനി.* അവർക്ക് കൃപയും സമാധാനവും സൗജന്യമായി നൽകുവാൻ പൗലൊസിന് കഴിഞ്ഞു. വഴക്ക് ഇല്ലാത്ത അവസ്ഥയേക്കാളധികമാണ് സമാധാനം എന്നതിലുള്ളത്. ആത്മാവിന്റെ ക്ഷേമം നിറഞ്ഞുനിന്ന ഒരു ബന്ധമായിരുന്നു പുതിയനിയമ കാലത്ത് ദൈവത്തിനും മനുഷ്യർക്കുമിടയിലുണ്ടായിരുന്നത്.

കൃപയും സമാധാനവും ക്രിസ്തുവിൽ ആയവർക്ക് മാത്രം ലഭിക്കുന്നു. "നിങ്ങൾ ക്രിസ്തുവിനോട് ചേർന്നാൽ നിങ്ങൾക്ക് ഈ അനുഗ്രഹം ലഭിക്കും" എന്ന് പൗലൊസിന് അവരോട് പറയേണ്ട ആവശ്യമില്ലായിരുന്നു. കാരണം അവർ ക്രിസ്തുവിൽ ആയവരായിരുന്നു, അതിനാൽ അവർക്ക് ലഭിച്ചു കഴിഞ്ഞ കൃപയും സമാധാനവും പൂർണ്ണമായി മനസിലാക്കുവാൻ അവരുടെ കണ്ണു തുറന്നു കൊടുക്കേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളു.

ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് ഒരു ക്രിസ്ത്യാനി. എങ്ങനെ യായാലും, ഒരാൾ യഥാർത്ഥത്തിൽ ക്രിസ്തുവിനെ അനുഗമിച്ചാൽ, അയാൾ പൗലൊസ് വിവരിച്ചതുപോലെ ആകും: ഒരാൾ ക്രിസ്തുവിന്റെ ശരീരത്തിൽ ആകുന്നു, ദൈവിക പ്രതലത്തിൽ ആകുന്നു, ക്രിസ്തുവിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നവനുമാകുന്നു. എഫ്സി

**മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കൽ (1:2, 3)**

അവർക്ക് വേണ്ടി താനും, ശിലാസും, തിമൊഥെയൊസും പ്ര ാർത്ഥിക്കുന്നുവെന്ന് പൗലൊസ് പറഞ്ഞു. അന്യോന്യം പ്രാർത്ഥിക്കുന്നത് എങ്ങനെ എന്ന് ഇവിടെ അവൻ ചിത്രീകരിച്ചിരിക്കുന്നു.

*യോജിച്ച ഹൃദയങ്ങളിൽനിന്ന് ഉയർന്നതായ ഒരു പ്രാർത്ഥന.* അവർ മൂന്നു പേരും ചേർന്ന് പ്രാർത്ഥിച്ചിരുന്നു എന്ന് അവിടെ ഉപയോഗിച്ച "ഞങ്ങൾ" എന്ന പ്രയോഗം വ്യക്തമാക്കുന്നു. മൂന്നുപേരും ഒന്ന് ആയി പ്രാർത്ഥിച്ചു. ഓരോ പ്രാവശ്യവും അവർ മൂന്നുപേരും ആ പുതിയ പരിവർത്തകർക്കായി പ്രാർത്ഥിച്ചു. യോജിച്ച പ്രാർത്ഥന എത്ര ശക്തമാണ്!

*പ്രത്യേകമായതും വിശദവുമായ ഒരു പ്രാർത്ഥന.* അവരുടെ വിശ്വാസത്തിനും, സ്നേഹപ്രയത്നത്തിനും, പ്രത്യാശയുടെ സ്ഥിരതക്കും സ്തോത്രം ചെയ്യുന്ന-ഒരു പ്രത്യേക വിവരണം ഇവിടെ നൽകിയിരിക്കുന്നു. താൻ മുഖാന്തരം പരിവർത്തനം ചെയ്ത ഒരു ക്രിസ്ത്യാനിയിൽ അത്തരം ഗുണങ്ങൾ കാണുന്നത് ഒരു ഉപദേഷ്ടാവിനെ തികച്ചും ഉത്തേജിപ്പിക്കും.

*ഒരു ഇടവക മുഴുവനും നിറഞ്ഞുനിൽക്കുന്ന പ്രാർത്ഥന.* അവര ിൽ രണ്ടോ മൂന്നോ പേർക്കു മാത്രമുള്ളതായിരുന്നില്ല ആ പ്രാർത്ഥന, മറിച്ച് ഇടവകയിലെ എല്ലാ അംഗങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു. ദൈവസന്നിധിയിൽഎല്ലാവരും വിലയുള്ളവരാണ്.

*തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനയായിരുന്നു അത്.* അവർ സ്ഥി രമായി അവർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവർ ഒരു സമയത്ത് മാത്രമോ, അല്ലെങ്കിൽ ഒരു സന്ദർഭത്തിൽ മാത്രമോ ആയിരുന്നില്ല അവരുടെ പ്രാർത്ഥന, പിന്നെയോ നിരന്തരമായി പ്രാർത്ഥിച്ചിരുന്നു. താൻ പഠിപ്പിച്ചത് പൗലൊസ് പരിശീലിച്ചിരുന്നു, പൗലൊസ് പിന്നീട് അവരോട് "ഇടവിടാതെ പ്ര ാർത്ഥിപ്പിൻ" എന്നാണ് പറഞ്ഞത് (5:17). രണ്ടു സ്ഥലത്തും ഒരേ ഗ്രീക്ക് വാക്ക് ἀδιαλείπτως (*അഡിയാജഡെയിപ്ടോസ്*) ആണ് ഉപയോഗിച്ചത്.

സഹോദരങ്ങൾ എങ്ങനെ അന്യോന്യം പ്രാർത്ഥിക്കണമെന്നതിന് പൗലൊസിന്റെ പ്രസ്താവന സഹായിക്കുന്നു. തീർച്ചയായും, നാം അന്യോന്യം കൂടുതൽ പ്രാർത്ഥിക്കേണ്ടവരാണ്! നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി നാം നിരന്തരമായി പ്രാർത്ഥിക്കുമ്പോൾ നാം ഏറ്റവും നല്ലവരായിക്കണമെന്ന് ബോധ്യമാക്കുന്നില്ലേ? എഫ്സി

**നിങ്ങളുടെ സഹോദരന്മാരെ പ്രോൽസാഹിപ്പിക്കൽ (1:2, 3)**

മറ്റു കാര്യങ്ങൾക്കൊപ്പം, പൗലൊസ് തെസ്സലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ അവരെ പ്രോൽസാഹിപ്പിക്കയും ചെയ്യുന്നു. എങ്ങനെയാണ് അവൻ അവരെ പ്രോൽസാഹിപ്പിച്ചത്?

*അവർക്ക് വേണ്ടി പ്രാർത്ഥിച്ചതിലൂടെ.* താൻ അവർക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നു എന്നാണ് ലേഖനം എഴുതിയപ്പോൾ പറഞ്ഞത്. നാം നമ്മുടെ സഹോദരന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതായി അവർ അറിയുമ്പോൾ, അത് അവരെ ഉയർത്തുകയും അനുഗ്രഹീതരാവുകയും ചെയ്യും.

*അവരെ പ്രശംസിച്ചതിൽ കൂടെ.* അവർ തങ്ങളുടെ ക്രിസ്തീയ ജീവിതം വിശ്വസ്തതയോടെ നയിച്ചതിന് അവൻ അവരെ പ്രശംസിക്കുന്നു. തങ്ങളുടെ വിശ്വസ്തത നാം അറിഞ്ഞ് അവരെ ബോധ്യപ്പെടുത്തുമ്പോൾ, അത് അവരെ ആത്മിയമായി ഉയർത്തുമെന്ന കാര്യത്തിൽ സംശയമില്ല.

*അവരെ ഓർപ്പിക്കുന്നതിൽ കൂടെ.* അവരെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന് അവൻ അസന്നിഗ്ധമായി ഉറപ്പിച്ചു പറഞ്ഞു. നമ്മുടെ വിശ്വാസത്തെ ഉത്തേജിപ്പിക്കുന്നതാണ് നാം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഉൾപ്പെടുന്നുഎന്നത്. ക്രിസ്തുവിന്റെ അടുക്കൽ വരുന്നവരെ എല്ലാം ദൈവം വിളിച്ച് തിരഞ്ഞെടുക്കുന്നു (എഫെ. 1:3, 4), അവൻ നമ്മെ തിരഞ്ഞെടുക്കപ്പെടുന്നവരുടെകൂട്ടത്തിലേക്ക് വിളിക്കുന്നത് സുവിശേഷത്താലാണ്.

ഓരോ ക്രിസ്ത്യാനിയും കണ്ടുമുട്ടുന്ന സ്ത്രീയായാലും, പുരുഷനയാലും അയാളെ ഉത്തേജിപ്പിക്കേണം. എഫ്സി

**തെസ്സലൊനിക്യർക്ക് വേണ്ടിയുള്ള സ്തോത്രം (1:1-3)**

തന്റെ വായനക്കാരോട് പൗലൊസ് ക്രിയാത്മകമായ ഒരു മനോഭാവമായിരുന്നു കാണിച്ചത്. തന്റെ "പ്രാർത്ഥനകളിൽ" അവൻ "ദൈവത്തിന് സ്തോത്രം" ചെയ്തു, അത് സന്ദർഭവശാൽ മാത്രമായിരുന്നില്ല, "എല്ലായ്പോഴും" (വാ. 2), അവൻ അവർക്ക് വേണ്ടി സ്തോത്രം ചെയ്യുവാൻ കാരണമെന്ത്?

അവരുടെ "വിശ്വാസ പ്രവൃത്തികൾ" നിമിത്തമായിരുന്നു പൗലൊസ് *അവർക്ക് വേണ്ടി സ്തോത്രം ചെയ്തത്.* വിശ്വാസം എന്നത് കടന്നുപോകുന്ന ഒന്നല്ല, യഥാർത്ഥ വിശ്വാസം പ്രവൃത്തിയായി പരിണമിക്കും. "എന്റെ വിശ്വസം പ്രവൃത്തികളാൽ നിങ്ങൾക്ക് കാണിച്ചു തരാം" എന്നു യാക്കൊബ് പറയുന്നു (യാക്കൊ. 2:18).

*അവരുടെ സ്നേഹ പ്രയത്നത്തിനും പൗലൊസ് അവർക്ക് വേണ്ടി സ്തോത്രം ചെയ്യുന്നു.* വാക്യം 3 ലെ സ്നേഹം എന്ന വാക്കിന്റെ ഗ്രീക്ക് വാക്ക് *അഗാപെ* ആണ്. പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ സ്നേഹം വ്യക്തമാക്കുന്നതിനാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള സ്നേഹം നമ്മിൽ വളർത്തുവാനാണ് നമ്മോട് പറഞ്ഞിരിക്കുന്നത് (എഫെ.

5:2 നോക്കുക). തെസ്സലൊനിക്യയിലുള്ളവർ ക്രിസ്തുവിന്റെ സ്നേഹം അനുകരിച്ചവരായതിനാൽ, പൗലൊസ് ഇപ്പോൾ അവരെ അതിന് പ്രശംസിക്കുകയാണ്.

*"പ്രത്യാശയുടെ സ്ഥിരതക്കും" പൗലൊസ് സ്തോത്രം ചെയ്യുന്നു.* അവർ ഉപദ്രവം നേരിട്ട യുവ ക്രിസ്ത്യാനികളായിരുന്നുവെങ്കിലും. അവരുടെ പ്രത്യാശ സ്ഥിരമാക്കി സൂക്ഷിച്ചു. അവർ തങ്ങളുടെ നോട്ടം നിത്യതേജസിലേക്ക് ഉയർത്തി (റോമ. 8:18-39). ആ പ്രത്യാശ അവർ വെച്ചിരുന്നത്, ഒരിക്കലും നിരാശപ്പെടുത്താത്ത കർത്താവായ യേശുക്രിസ്തുവിലായിരുന്നു (വാ. 3).

പൗലൊസിന്റെ എല്ലാ സ്തോത്രവും കേന്ദ്രീകരിച്ചിരുന്നത് ക്രിസ്തീയ ഗുണങ്ങളായ "വിശ്വാസം," "പ്രത്യാശ," "സ്നേഹം" എന്നിവയിലായിരുന്നു. അവ ഒരുമിച്ചാണ് പലപ്പോഴും കാണപ്പെടുന്നത് (1 തെസ്സ. 5:8; 1 കൊ. 13:13; കൊലൊ. 1:3-5). ആ സഹോദരന്മാരുടെ നല്ല മാതൃകക്ക് പൗലൊസ് അഗാധമായ സ്തോത്രം ദൈവത്തിന് അർപ്പിക്കുകയാണ്. അവരുടെ നല്ല പ്രവൃത്തികൾ പൗലൊസിനെ ഉത്തേജിപ്പിച്ചു. അവരുടെ നല്ല മാതൃക, സഹക്രിസ്ത്യാനികൾക്കും, നമുക്കും ഉത്തേജനം നൽകുന്നു.

"ഉത്തേജിപ്പിക്കുന്ന *വിശ്വാസ പ്രവൃത്തി*"-ഒരു ചെറിയ ടൗണിലെ ഒരു മൂപ്പൻ അക്ഷീണമായി ഭവന സന്ദർശനം, പ്രബോധനം, ഉത്തേജിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതനായി തന്റെ വിശ്വാസത്തെ പ്രദർശിപ്പിച്ചു.

പ്രചോദിപ്പിക്കുന്ന "*സ്നേഹ പ്രയത്നം*" - എൺപതു വയസായ ദമ്പതികൾ അമ്പതിലധികം വർഷങ്ങളായി മിഷൻ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു, ഇപ്പോഴും പ്രവർത്തനത്തിൽ മുഴുകിയിരിക്കുന്നു എന്നത് "സ്നേഹ പ്രയത്നത്തിൽ" ഉള്ള അവരുടെ സമർപ്പണമാണ് തെളിയിക്കുന്നത്.

ഉത്തേജിപ്പിക്കുന്ന "*പ്രത്യാശയുടെ സ്ഥിരത*"-ടെന്നസിയുടെ മദ്ധ്യേ താമസിക്കുന്ന പ്രായമായ ഒരു സ്ത്രീ ആഫ്രിക്കയിലുള്ളവരെ തപാൽ വഴി ബൈബിൾ പഠിപ്പിക്കയും ഇടക്ക് അവിടെ ചെന്ന് അവരെ നേരിട്ട് തിരുവെഴുത്ത് സത്യങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു എന്നത് അവരുടെ "പ്രത്യാശയുടെ സ്ഥിരത" വെളിവാക്കുന്നു. അത് അവിടെയുള്ളവർക്കും മറ്റനേകം പേർക്കും പ്രചോദനമാണ്.

ഈ ആളുകൾ തീർച്ചയായും അനേകം പേർക്ക് ഉത്തേജനമാണ്, ഇവർ മാത്രമല്ല, അനേകായിരം പേർ ക്രിസ്തുവിനോടു കൂടെ നടന്നു തങ്ങളുടെ വിശ്വാസ പ്രവൃത്തി പ്രദർശിപ്പിക്കുന്നുണ്ട്. നല്ല മാതൃക മിക്ക ഇടവകകളിലും കാണാം. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ പ്രദർശിപ്പിക്കുന്ന ഭൃത്യന്മാർക്ക് വേണ്ടി പൗലൊസ് സ്തോത്രം ചെയ്യുന്നത് നമുക്ക് ഇഷ്ടമാണ്.

ഈഈ

**ദൈവത്തോടുള്ള നന്ദി (1:1-5)**

ദൈവത്തോടുള്ള ബന്ധമാണ് അടിസ്ഥാനപരമായി നമ്മുടെ മതവും ജീവിതവും. നമുക്ക് ആവശ്യമുള്ളത് നൽകുവാനും, നമ്മെ പൂർണ്ണമായി മനസിലാക്കുവാനുള്ള സ്നേഹവും, ശക്തിയും, ബുദ്ധിയുമുള്ളത് ദൈവത്തിന് മാത്രമാണ്. അവനോട് അവന്റെ വഴിയിൽ പ്രതികരിക്കുന്നതും, അവനോടും മറ്റുള്ളവരോടും അങ്ങനെ തന്നെ ബന്ധപ്പെടുന്നതുമാണ് നമുക്ക് ഉചിതം.

തെസ്സലൊനിക്യർക്ക് യേശുവിൽ ദൈവത്തോടും, പൗലൊസിനും, ശിലാസിനും, തിമൊഥെയൊസിനും അവരോടുമുണ്ടായിരുന്ന ഭൂതകാലത്തിലെയും

വർത്തമാനകാലത്തിലെയും ബന്ധത്തെയാണ് 1 തെസ്സലൊനിക്യ ലേഖനത്തിലെ ആദ്യഭാഗം വ്യക്തമാക്കുന്നത്. ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ അടങ്ങിയിരിക്കുന്നത് എല്ലാ വാർത്തകളുമാണ്, അല്ലാതെ കൽപനകളോ ഉപദേശപരമായ വിശദീകരണങ്ങളോ അല്ല. സംഭവിച്ചു കഴിഞ്ഞതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങളാണ് ആ അദ്ധ്യായങ്ങളിൽ വിവരിക്കുന്നത്. ആ ആളുകളുടെ നല്ല വിശേഷങ്ങൾ മാത്രമാണ് ആ ഭാഗത്ത് പറയുന്നത്.

ഏതൊരു വ്യക്തിപരമായ ലേഖനത്തിലുമെന്നപോലെ, എഴുത്തുകാരനും, അത് സ്വീകരിക്കുന്നവരും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച സംഭവങ്ങളെ അടിസ്ഥാനമായി കാണുകയാണ് 1 തെസ്സലൊനിക്യ ലേഖനം. പുറത്തുള്ളവയും പുതിയ നിയമ ലേഖനവും തമ്മിലുള്ള മുഖ്യ വ്യത്യാസം എന്തെന്നാൽ, ഇത് ദൈവശ്വാസിയമാകയാൽ തികച്ചും സത്യമാണ്. ദൈവത്തിന് പ്രസാദകരമായി നമ്മുടെ ബന്ധങ്ങളെ വളർത്തിയെടുക്കുവാൻ സഹായകരമായ ഒരു മാതൃക കൂടെആണ് അത്. ആ സംഭവങ്ങൾ യഥാർത്ഥത്തിൽ നടന്നതാണ്, ലേഖന ത്തെ നമുക്ക് ആയി സൂക്ഷിച്ചിരിക്കുന്നതിനാൽ, അതിലെ മുന്നറിയിപ്പുകൾ പ്രമാണിച്ച് ജീവിച്ചാൽ അനുഗ്രഹിക്കപ്പെടുമെന്ന് ഉറപ്പാണ്!

അപ്പോൾ, ഇത്, ഉദ്ദേശത്തോടുകൂടിയ വാർത്തയാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തിന് മാറ്റം വരുത്തുന്ന വാർത്തയുമാണ് അത്. നന്ദിയോടുകൂടെ യേശുവിനെ അനുഗമിക്കുന്ന വാർത്തയാണ് അത്. നമ്മെ പുതുക്കുന്ന വാർത്തയാണ് അത്! നന്ദിയുള്ളവരായി ജീവിക്കുന്നതിന് എന്താണ് ആ വാർത്തയിൽനിന്ന് നാം പഠിക്കുന്നത്?

*ദൈവത്തെ തിരിച്ചറിയുക (1:1).* ദൈവം എപ്പോഴും തന്റെ മക്കളായി നമ്മെ തിരിച്ചറിയുന്നു. തിരിച്ച്, അവനെ നമ്മുടെ സൃഷ്ടികർത്താവായി നാം തിരിച്ചറിയണം. ദൈവത്തെ നിരന്തരമായി അറിഞ്ഞുകൊണ്ടിരിക്കുക എന്നത് നമ്മെ സംബന്ധിച്ചേടത്തോളം എത്ര പ്രാധാന്യമുള്ള കാര്യമാണ്– അവനേ ാടുള്ള നമ്മുടെ പ്രതികരണം അവൻ ആഗ്രഹിക്കുന്നതും, നമ്മെ കുറിച്ചുള്ള അവന്റെ ചിന്തകളും, അവന്റെ സ്വഭാവവും, അവന്റെ നിലനിൽപും!

പുതിയ നിയമ ലേഖനങ്ങളുടെ പ്രാരംഭ ഭാഗങ്ങൾ ക്രിസ്ത്യാനികൾ വായിക്കുമ്പോൾ, അവ എല്ലാം ഒരുപോലെ തോന്നിയേക്കാം. ആദ്യത്തെ ചില വാക്യങ്ങൾ വായിക്കുമ്പോൾ, അവ നമുക്ക് സുപരിചിതമായണെന്നും, എളുപ്പം മനസിലാകുന്നതുമാണെന്നും തോന്നിയേക്കാം. അവ ധ്യാന ിക്കുന്നതുകൊണ്ടോ, അവ വിശദമായി പഠിക്കുന്നതുകൊണ്ടോ വലിയ വില ഒന്നും ഇല്ല എന്നും വിചാരിച്ചേക്കാം.

ബൈബിൾ എഴുതപ്പെട്ട ദൈവത്തിന്റെ വെളിപ്പാടാണ് എന്ന സത്യം നാം ഓർമ്മിക്കണം. ദൈവം ആഗ്രഹിക്കുന്ന പ്രഥമമായ ഉൾക്കാഴ്ച്ച ഇവിടെ മാത്രമാണ് നമുക്ക് ലഭിക്കുന്നത്. നമ്മുടെ ജീവിതത്തിനുള്ള ശരിയായ മാർഗന ിർദ്ദേശം ഇവിടെ മാത്രമാണ് ലഭിക്കുന്നത്. അക്കാരണത്താൽ, 1 തെസ്സലൊനിക്യ ലേഖനം, സുപരിചിതമായ മറ്റൊരു ലേഖനമെന്ന് കണക്കാക്കാതെ, ക്രിസ്ത്യാന ികളിൽനിന്ന് ദൈവം ആഗ്രഹിക്കുന്നതെന്തെന്ന് മനസിലാക്കുവാനുള്ള അവസ രമായി 1 തെസ്സലൊനിക്യ ലേഖനത്തെ പരിഗണിക്കുക. ആ സാഹചര്യത്തിൽ ഏറ്റവും നല്ലത് ഇതാണെന്ന് ദൈവത്തിന് അറിയാവുന്നതുകൊണ്ടാണ് അത് എഴുതുവാൻ അവൻ ആവശ്യപ്പെട്ടത്. അത്, തെസ്സലൊനിക്യരോടും നമ്മോടും–സംസാരിക്കുന്നതാണ്!

ക്രിസ്തീയ എഴുത്തുകാർക്കും, വായനക്കാർക്കും, നമ്മുടെ ജീവിതം മുഴുവൻ അവനെ ആശ്രയിച്ചിരിക്കുന്നു എന്നു വ്യക്തമാക്കുന്ന പ്രയോഗമാണ് "പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും" എന്നത് (1:1). "അവനി ലല്ലൊ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്" (പ്രവൃ. 17:28). ക്രിസ്ത്യാനികളായ നമ്മുടെ മുൻപിലും പിമ്പിലും, നമ്മിലും വസിക്കുന്ന ദൈവത്തെ കുറിച്ച് നാം നടക്കുമ്പോഴും ഇരിക്കുമ്പോഴും, ജോലി ചെയ്യുമ്പോഴും സംസാരിക്കുമ്പോഴും പറയുവാൻ കഴിയും. ദൈവഭക്തിയോടെ എന്നും ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ് ദൈവത്തെ കുറിച്ചും യേശുവിനെ കുറിച്ചും ഉള്ള തുടർച്ചയായ അറിവ്. "എനിക്ക് ജീവിക്കുന്നത് ക്രിസ്തു ആണ്"എന്നും (ഫിലി. 1:21) "ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" എന്നും പൗലൊസ് പറയുവാൻ കാരണം അതാണ് (ഗലാ. 2:20).

ദിവസത്തിലെ ഓരോ മണിക്കൂറും, ദൈവത്തോടുകൂടിയുള്ള ജീവിതം അവന്റെ സന്നിധിയിൽ എങ്ങനെ ഇത്തരത്തിൽ വളർത്തിയെടുക്കുവാൻ കഴിയും? ക്രിസ്തുവിലുള്ള നമ്മുടെ സഹോദരീസഹോദരന്മാർക്കിടയിൽ ഇത് എങ്ങനെ പ്രചോദനമാക്കാം? മറ്റു ദേവന്മാരെ ഉപേക്ഷിച്ചുകൊണ്ടും (1:9), വചനപ്രകാരമുള്ള ദൈവത്തെ സ്വീകരിച്ചുകൊണ്ടും (2:13), ക്രിസ്തുവിനെ അനുഗമിച്ചവരെ അനുകരിച്ചുകൊണ്ടും (2:14), അവരുടെ പ്രവർത്തികളുടെ ലക്ഷ്യമായി വിശ്വാസം, സ്നേഹം, പ്രത്യാശ എന്നിവയിൽ ശ്രദ്ധിച്ചുമായിരുന്നു (1:3).

തന്റെ ജനത്തിന് എന്തു വേണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്? സഹോദരന്മാർക്ക് "കൃപയും സമാധാനവും" പ്രകടമാക്കുക എന്നതായിരുന്നു പൗലൊസിന്റെ ആദ്യ ചിന്ത (1:1). താനും ദൈവവും തെസ്സലൊനിക്യരെ കുറിച്ച് എന്തു ചിന്തിക്കുന്നുവെന്ന് ബോധ്യമാക്കുവാനാണ് എഴുത്തുകാരൻ ചിന്തിച്ചത്. ദൈവത്തിന്റെ ആനുകൂല്യവും ആശ്വാസവും ആ യുവക്രിസ്ത്യാനികൾക്ക് ലഭിക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു. മറ്റു പല അനുഗ്രഹങ്ങളും തെസ്സലൊനിക്യർക്ക് ആവശ്യവും അവർ അത് ആഗ്രഹിക്കയും ചെയ്തിരിക്കാം, എന്നാൽ ഈ രണ്ടും വളരെ ഉയർന്നതാണ്.

ക്രിസ്ത്യാനികൾക്ക് പരസ്പരം എങ്ങനെ സഹായിക്കാമെന്നുള്ള ഒരു മാതൃകയും ആദ്യ വാക്യത്തിൽ നൽകുന്നു. ഒരു പ്രചോദന ലേഖനമാണ് പൗലൊസ് എഴുതിയത്. അത്തരം മാതൃക പിൻപറ്റി തങ്ങളുടെ ഉപദേഷ്ടാക്കന്മാരെ അനുകരിക്കുന്നതിന്റെ വില തെസ്സലൊനിക്യർ അംഗീകരിച്ചിരുന്നു (1:6). ക്രിസ്ത്യാനിയായി തീർന്നിട്ട് എത്ര കാലം കഴിഞ്ഞാലാണ് ഒരാൾക്ക് സഹ ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുവാൻ കഴിയുക? അത് ഒരു പുതിയക്രിസ്ത്യാനിക്ക് പോലും ചെയ്യുവാൻ കഴിയും.

ബൈബിൾ ക്ലാസിൽ പങ്കെടുത്ത കുട്ടികൾക്ക് അവരുടെ മാതാപിതാക്കളെ പ്രചോദിപ്പിക്കുന്ന ദൈവഭക്തിയുള്ള നന്ദി വാക്കുകൾ എഴുതുവാൻ കഴിയും. ഇടവകയിലെ യുവാക്കളെ അഭിനന്ദിച്ചുകൊണ്ട് പ്രായമായവർക്ക് അവരെ ഉത്തേജിപ്പിക്കുന്ന വാക്കുകൾ എഴുതി അയക്കുവാൻ സാധിക്കും. ദൂരെ പോയിരിക്കുന്നവർക്ക് അവർ ഇടവകയിൽ ചെയ്ത നല്ല പ്രവൃത്തികളെ മറന്നിട്ടില്ല എന്ന് എഴുതി അറിയിക്കുന്നത് അവർക്ക് തികച്ചും ഉത്തേജനം തന്നെയായിരിക്കും. ദൈവത്തിന് അവരോടുള്ള സ്നേഹവും കരുതലും എത്രമാത്രമാണെന്ന് അന്യ സംസ്ഥാനത്തിലോ, അന്യരാജ്യത്തിലോ

പോയിരിക്കുന്നവരെ എഴുതി അറിയിക്കുന്നത് അവരെ പ്രചോദിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ഇതുപോലെയുള്ള മറ്റു വാക്യങ്ങളും ആയുഷ്ക്കാലം മുഴുവൻ പ്രായോഗികമാക്കാവുന്നതാണ്. നമുക്ക് അവ വായിച്ച്, മനസിലാക്കി, അങ്ങനെ ചെയ്യുവാൻ കഴിയും!

*ദൈവത്തിന് സ്തോത്രം ചെയ്യുക (1:2).* നന്ദിയുള്ളവരായിരിക്കുക എന്നത് ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാണ്. പൗലൊസും, ശിലാസും, തിമൊഥെയാസും നന്ദിയുള്ള ഉപദേഷ്ടാക്കന്മാരായിരുന്നു. തങ്ങളുടെ പ്രാർത്ഥനയിൽ അവർ നിരന്തരമായി ദൈവത്തിന് സ്തോത്രം ചെയ്തിരുന്നു: "ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ എല്ലാവരേയും ഓർത്ത് ദൈവത്തിന് എപ്പോഴും സ്തോത്രം ചെയ്യുന്നു" (1:2). ഒരു ഉപദേഷ്ടാവിന്റെ ജീവിതത്തിൽ അത് പ്രധാനപ്പെട്ട ഒന്നാണെന്ന് അവർ മനസിലാക്കിയിരുന്നു, എന്നാൽ അത് ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികന്മാർക്കും മാത്രമുള്ളതാണോ? ഈ വിലയേറിയ പാഠം നമുക്ക് എല്ലാവർക്കും ഉള്ളതാണ്! "എല്ലാറ്റിനും എപ്പോഴും സ്തോത്രം ചെയ്യുവിൻ" എന്ന് എല്ലാ ക്രിസ്ത്യാനികളോടും നിർദ്ദേശിച്ചിരിക്കുന്നു (എഫെ. 5:20). കുട്ടികളെ പോലും പഠിപ്പിക്കുന്ന ഒന്നാണ്, "താങ്ക് യു" എന്ന പ്രയോഗം. "നിങ്ങൾക്ക് നന്ദി" എന്നു പറയുവാൻ ക്രിസ്ത്യാനികൾ പഠിക്കണം. അത് ഒരു ഔപചാരികേ വാക്ക് മാത്രമല്ല (മര്യാദാ വാക്ക് ആണ്) അതൊരു ദൈവിക ഭക്തിപ്രകടനവുമാണ്.

പുതിയ നയമ ലേഖനങ്ങളിൽ സുപരിചിതമായ പ്രസ്താവനയാണ് സ്തോത്രം ചെയ്യൽ. അത് നമ്മുടെ പ്രാർത്ഥനകളുടെ ഭാഗമാണോ? നമ്മുടെ ജീവിതത്തിലും, വീട്ടിലും, സഭയിലും സ്തോത്രം ചെയ്യുവാൻ നാം കാരണങ്ങൾ തേടാറുണ്ടോ? നന്മയെ കുറിച്ചുള്ള ചിന്തയിൽ ആയിരുന്ന്, "ദൈവമേ, നിനക്ക് സ്തോത്രം" എന്നു പറയുന്ന ഒരു ശീലം നമുക്ക് ഉണ്ടോ? എല്ലാം നല്ല രീതിയിൽ നടക്കുമ്പോഴും, അതുപോലെ എന്തെങ്കിലും മോശമായത് സംഭവിക്കുമ്പോൾ, ദൈവസഹായത്തിനായി പ്രാർത്ഥിക്കുമ്പോഴും നാം ദൈവത്തിന് സ്തോത്രം ചെയ്യുന്നവരാകണം!

വാക്യം 2 ൽ എന്താണ് സംഭവിച്ചത്? പൗലൊസും, ശിലാസും, തിമൊഥെയാസും വെറുതെ സ്തോത്രം ചെയ്യുന്ന ഒരു പ്രാർത്ഥനയാണോ നടത്തിയത്? അല്ല, അവർ ദൈവത്തിന് സ്തോത്രം ചെയ്യുന്നതോടൊപ്പം, തെസ്സലൊനിക്യയിലുള്ളവരോടുള്ള നന്ദിയും പ്രകടിപ്പിക്കുകയാണ്. നന്ദി ചെലുത്തുന്ന പ്രാർത്ഥന ദൈവമാണ് രൂപപ്പെടുത്തിയത്, അത് ദൈവത്തോടു സ്തോത്രം ചെയ്യുന്നതിനൊപ്പം, അന്യോന്യമുള്ള ബന്ധം വളർത്തിയെടുക്കുന്നതിനും കൂടെയാണ്. നാം സഹോദരന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചിട്ട്, അത് അവരോട് പറയണം. "നിങ്ങൾക്ക് വേണ്ടി ഓരോ ദിവസവും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്" എന്ന് നിരുൽസാഹപ്പെട്ട്, നിസഹായമായ, ബലഹീനമായ അവസ്ഥയിലായിരിക്കുന്നവർക്ക് എത്രമാത്രം ഉപകാരമായിരിക്കുമെന്ന് ചിന്തിക്കുക! അങ്ങനെയാകുമ്പോൾ, "ആരും എന്റെ ആത്മാവിനെ കുറിച്ച് കരുതുന്നില്ല" എന്നു പറയുവാൻ സാധ്യമല്ല.

*ദൈവഭക്തിയോടെ ജീവിക്കുന്നവരെ അഭിനന്ദിക്കുക (1:3).* നന്ദി ചെലുത്തുന്നത് ആത്മാർത്ഥമായിരിക്കണം. നാം സ്തോത്രം ചെയ്യുമ്പോൾ, ഒരു കൽപന പ്രമാണിക്കുക മാത്രമോ, അതോ, നന്ദി ചെലുത്തേണ്ട നല്ല പ്രവർത്തികളെയും ഓർക്കുകയാണോ? തെസ്സലൊനിക്യലേഖനത്തിൽ

വിവരിച്ചതുപോലെ നന്ദി ചെലുത്തി പ്രാർത്ഥിക്കുവാൻ പൗലൊസിനെ പ്രേരിപ്പിച്ചതിന്റെ കാരണം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള അവരുടെ വിശ്വാസ പ്രവൃത്തിയും, സ്നേഹപ്രയത്നവും, പ്രത്യാശയുടെ സ്ഥിരതയും ഓർത്തതുകൊണ്ടുകൂടെയാണ് (1:3). അവൻ പ്രാർത്ഥിക്കുമ്പോൾ, ആ ക്രിസ്ത്യാനികളുടെ നല്ല പ്രവർത്തികളെ ഓർത്ത് ദൈവത്തോട് അത് പറയുകയാണ് ചെയ്തത്. ക്രിസ്ത്യാനികളായ നമ്മുടെ ചിന്തകൾ നമ്മുടെ പ്രാർത്ഥനാ ജീവിതത്തെ സ്വാധീനിക്കും. നമ്മുടെ പ്രാർത്ഥനകൾ അഭിവൃദ്ധിപ്പെടുവാൻ, നമ്മുടെ ചിന്തകളെ നാം ശ്രദ്ധിക്കണം.

നാം നമ്മുടെ സാധാരണ, നമ്മുടെ അഭക്തി, എതിർപ്പ്, അവിഹിതം എന്നീ ദുർഗുണങ്ങളെ മാറ്റി, ശരിയായത് മാത്രം ചെയ്തു നമ്മുടെ പെരുമാറ്റത്തെ നന്നാക്കിയെടുക്കുവാൻ ശ്രമിക്കുമ്പോൾ, മനസിനെ പരിശീലിപ്പിക്കുവാൻ നാം മറന്നു പോകുന്നു. ദൈവത്തിന്റെ നിർദ്ദേശമനുസരിച്ച്–മറ്റുള്ളവരല്ല, നാം തന്നെയാണ് നമ്മുടെ മനസിനെ "നിയന്ത്രിക്കേണ്ടത്."– എന്നത് ബൈബിൾ ആശയമാണ്. എന്തിനെയെങ്കിലും, "ചിന്തിച്ചുകൊൾക, ധ്യാനിച്ചുകൊൾക" എന്നെല്ലാം തിരുവെഴുത്ത് പറയുമ്പോൾ, നമ്മുടെ ചിന്തകളും, മനോഭാവങ്ങളും മനസിനെ അച്ചടക്കത്തിൽ വരുത്തുക എന്നാണർത്ഥമാക്കുന്നത്.

നമ്മിൽ എന്തു ചിന്തകളുണ്ടാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്? ''യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ'' എന്നാണ് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത് (സങ്കീ. 1:2). പൗലൊസ് പറയുന്നു, "... ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായത് ഒക്കെയും നിർമ്മലമായത് ഒക്കെയും രമ്മ്യമായത് ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ" (ഫിലി. 4:8). സഹോദരന്മാരുടെ ജീവിതത്തിലെ നന്മകൾ കാണുകയും, അതിനെ കുറിച്ച് ചിന്തിക്കുകയും, പ്രാർത്ഥിക്കുകയും, അത് മറ്റുള്ളവരോട് പങ്കിടുകയും ചെയ്യുക. അത് നമ്മെയും നാം സ്പർശിക്കുന്ന ആത്മാക്കളെയും ധന്യമാക്കും.

*ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെ കുറിച്ച് ധ്യാനിക്കുക (1:4).* നമ്മെ കുറിച്ച് ദൈവം എന്താണ് ചിന്തിക്കുന്നത്? നമുക്ക് എങ്ങനെ അത് കണ്ടെത്തുവാൻ കഴിയും? വാക്യം 4 വായിക്കുക: "ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരെ നിങ്ങളുടെ തിരഞ്ഞെടുപ്പ് അറിയുന്നുവല്ലൊ." തെസ്സലൊനിക്യ സഭയെ കുറിച്ചുള്ള ദൈവത്തിന്റെ രണ്ട് ചിന്തകൾ ഈ വാക്യത്തിൽ നൽകുന്നു: ദൈവം അവരെ സ്നേഹിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്തു. ദൈവം ക്രിസ്ത്യാനികളെ സ്നേഹിക്കുന്നുവെന്നും നമ്മെ തരിഞ്ഞെടുത്തിരിക്കുന്നു എന്നും നാം അറിയുന്നു. "ആ വ്യക്തിയെ സ്നേഹിക്കുവാൻ പ്രയാസമാണ്," അല്ലെങ്കിൽ ഒരുപക്ഷെ, "ആ വ്യക്തിയെ ദൈവം തിരഞ്ഞെടുത്തുകാണുകയില്ല" എന്ന് തോന്നിയേക്കാം. കൊരിന്ത്യ സഭയിൽ കലഹം ഉണ്ടായപ്പോൾ, സഹോദരന്മാരെ ഒരു ശരീരമായി പ്രവർത്തിക്കുവാൻ പ്രോൽസാഹിപ്പിച്ചു പറഞ്ഞു, "... ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു" (1 കൊ. 12:18). തന്റെ ഭവനത്തിലേക്ക് ചേർത്തിരിക്കുന്നവരിൽ ദൈവം പ്രസാദിക്കുന്നു!

നാം ആത്മാർത്ഥതയോടെ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ, ആള

ുകളിലുള്ള അവന്റെ കാഴ്ച്ചപ്പാട് നാം അംഗീകരിക്കുകയും അവന്റെ ദർശനത്തെ നാം ദത്തെടുക്കുകയും ചെയ്യും. "ആ വ്യക്തിയെ തിരഞ്ഞെടുത്തതായി എനിക്ക് തോന്നിയില്ലെങ്കിലും, ദൈവം അയാളെ തിരഞ്ഞെടുത്തിരിക്കുന്നു; ഏറ്റവും നല്ലത് അവൻ അറിയുകയും ചെയ്യുന്നു. അയാളെ ദൈവം തിരഞ്ഞെടുത്തതാണെന്ന് അറിയുമ്പോൾ, ഞാൻ അയാളോട് അങ്ങനെ പെരുമാറും." ഒരാൾ സഹോദരൻ എന്നു വിളിക്കുവാൻ യോഗ്യനല്ല എന്ന് നാം ചിന്തിക്കരുത്. പകരം, നാം രക്ഷിക്കപ്പെട്ടത്, "നമ്മുടെ നീതിപ്രവൃത്തികളാലല്ല, മറിച്ച് അവന്റെ കരുണാധിക്യപ്രകാരമത്രെ" എന്ന് ഓർമ്മിക്കണം (തിത്തൊ. 3:5). നമുക്ക് യോഗ്യതയുണ്ടായിരുന്നപ്പോഴല്ല ദൈവം നമ്മെ രക്ഷിച്ചത് എന്ന് ഓർമ്മിച്ചാൽ, ദൈവം അവരോട് പെരുമാറിയതുപോലെ നമുക്ക് അവരോട് പെരുമാറുവാൻ കഴിയും-കരുണയോടുകൂടെ.

*ദൈവത്തിന്റെ സന്ദേശത്തോട് പ്രതികരിക്കുക (1:5).* ഒരു സന്ദേശത്തിൽ കൂടെയാണ് ദൈവം നമ്മോട് ആശയവിനിമയം നടത്തുന്നത്. തന്നെത്തന്നെ അവൻ വെളിപ്പെടുത്തിയത് ഒരു സന്ദേശത്തിൽ കൂടെയാണ്. അവൻ തന്റെ രക്ഷ വാഗ്ദാനം ചെയ്തത് ഒരു സന്ദേശത്തിൽ കൂടെയാണ്. തന്റെ ജനമായി അവൻ നമ്മെ നയിക്കുന്നത് സന്ദേശത്തിൽ കൂടെയാണ്. അവന്റെ സന്ദേശത്തോട് നാം എങ്ങനെ പ്രതികരിക്കണം?

വാക്യം 5 ദൈവസന്ദേശത്തെ കുറിച്ച് രണ്ട് സന്ദേശങ്ങൾ നൽകുന്നു. ഒന്ന് സുവിശേഷം "വചനത്തിൽ" വന്നു. രണ്ട്, സുവിശേഷം ശക്തിയോടും പരിശുദ്ധാത്മവോടും, തീർച്ചയോടും കൂടെ വന്നു. ഈ സുവിശേഷം എങ്ങനെ വ്യാപിപ്പിക്കണമെന്ന് ആ ചിന്തകൾ ഓരോന്നും വ്യക്തമാക്കുന്നു.

സന്ദേശം പ്രസംഗിക്കുമ്പോൾ സുവിശേഷം വ്യാപിക്കുന്നു എന്നതാണ് ആദ്യത്തെ ചിന്ത. യഥാർത്ഥ സുവിശേഷ സന്ദേശം ആളുകളുടെ ജീവിതത്തിൽ എത്തണമെങ്കിൽ, ദൈവസന്ദേശം സത്യമായും കൃത്യമായും ഉള്ള വാക്കുകളിൽ പ്രസംഗിക്കണം. ആളുകളുടെ വാക്കുകളിലും ജീവിതത്തിലും ആശ്രയിച്ച് നാം അറിയിക്കുന്ന സന്ദേശം തികവില്ലാത്തതായിട്ടാണോ അല്ലയോ ആളുകളിലെത്തുന്നത് എന്നതിന് ഉറപ്പുണ്ടായിരിക്കയില്ല. ആകയാൽ സുവിശേഷം പ്രസംഗിക്കണ്ടേത് അനിവാര്യമാണ്. ദൈവത്തെ കുറിച്ചുള്ള മനുഷ്യന്റെ ആശയമല്ല സുവിശേഷം, മറിച്ച് മനുഷ്യർക്കുള്ള ദൈവസന്ദേശമാണ്. ഉപയോഗിപ്പാനുള്ള "വാക്കുകൾ" ആത്മാവ് നൽകി അങ്ങനെ നമുക്ക് "ദൈവത്തിന്റെ ചിന്ത" എന്തെന്ന് അറിയാം എന്നാണ് പൗലൊസ് വെളിപ്പെടുത്തിയിരിക്കുന്നതു (1 കൊ. 2:11–13). ദൈവ സന്ദേശം തെസ്സലൊനിക്യയിലുള്ളവർ കേട്ടപ്പോൾ, അത് മനുഷ്യന്റെ വാക്കുകളായിട്ടല്ല, സാക്ഷാൽ ദൈവത്തിന്റെ ശബ്ദമായിട്ടാണ് അവർ സ്വീകരിച്ചത് (1 തെസ്സ. 2:13).

"ശക്തിയോടും പരിശുദ്ധാത്മാവോടും പൂർണ്ണനിശ്ചയത്തോടും കൂടെ" ആണ് സുവിശേഷം വന്നത്. ഈ വിവരണം ഉയർത്തുന്ന ചോദ്യങ്ങളാണ്, "എന്താണ് ശക്തി, അത് എങ്ങനെ പ്രദർശിപ്പിച്ചു"? "പരിശുദ്ധാത്മാവ് എന്തു ചെയ്തു"? " 'പൂർണ്ണ നിശ്ചയം എന്നു പറയുന്നത് ഉപദേഷ്ടാക്കന്മാരുടേയോ' അതോ 'കേൾവിക്കാരുടേയോ' "? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരത്തിന് വിലയേറിയ ചിന്ത വാക്യം 5 നൽകുന്നു. "നിങ്ങളുടെ ഇടയിൽ പെരുമാറിയ ആളുകൾ" ആയിരുന്നു ശക്തിയും, പരിശുദ്ധാത്മാവും. തീർച്ചയും പ്രദർശിപ്പിച്ചവർ. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ആളുകൾ, തങ്ങളെ സുവിശേഷം അനുസരിക്കുവാൻ സഹായിച്ച ഉപദേഷ്ടാക്കന്മാരുടെ ജീവിതം

കണ്ടു. ഇതിൽ അസാധാരണമായ പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ മാത്രമല്ല, ദൈവഭക്തിയുള്ള ജീവിതത്തിന്റെ ആത്മിയ ശക്തിയും ദൃശ്യമായിരുന്നു.

1993 ൽ ബോബ് ആബ്നെയും സംഘവും അൽബേനിയയിൽ പ്രവർത്തിച്ചപ്പോൾ, ഒരു യുവാവിനോട് സുവിശേഷ സന്ദേശം അറിയിക്കുവാനടയായി. ഒരു കൂട്ടം ക്രിസ്ത്യാനികളുമായി ബൈബിൾ പഠനം നടത്തി കഴിഞ്ഞപ്പോൾ, ആ യുവാവ് വന്ന് ഉപദേഷ്ടാവ് ബോബിനോട് പറഞ്ഞു, "നിങ്ങൾ മറ്റു മതങ്ങളിൽനിന്നു വ്യത്യസ്തരാണ്." എന്താണ് വ്യത്യാസം എന്നു ചോദിച്ചതിന് യുവാവ് നൽകിയ മറുപടി, "നിങ്ങൾ പരസ്പരം സ്നേഹിക്കുന്നവരാണ്" എന്നായിരുന്നു. ക്രിസ്ത്യാനികളുടെ ജീവിതത്തിൽനിന്നു ലഭിക്കുന്ന ശക്തിയുള്ള സന്ദേശമാണ് അത്. സുവിശേഷത്തിന്റെ ഭാഗമായി എല്ലാ ക്രിസ്ത്യാനികൾക്കും ലഭിക്കുന്നതാണ് യേശു വാഗ്ദാനം ചെയ്ത സ്നേഹത്തിന്റെ ശക്തി: "നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹന്നാൻ 13:35). വചനം അറിയിക്കുമ്പോഴെല്ലാം ഈ ഒരു സന്ദേശം പ്രദർശിപ്പിക്കുന്നുണ്ടോ എന്നു നാം ഉറപ്പാക്കണം!

*ഉപസംഹാരം.* ദൈവത്തെ അനുഗമിക്കുന്ന എല്ലാവരേയും ഉൾപ്പെടുത്തി, എല്ലാ സഹോദരീസഹോദരന്മാർക്ക് വേണ്ടിയും പ്രാർത്ഥനയിൽ ദൈവത്തിന് സ്തോത്രം ചെയ്കയും, ദൈവം അവരെ സ്നേഹിക്കുന്നതായും, പ്രാർത്ഥനയിൽ അവർക്കായി ദൈവത്തിന് സ്തോത്രം ചെയ്യുന്നതായി അറിയിക്കയും ചെയ്യുക. ആളുകളോട് എങ്ങനെ പെരുമാറുന്നതാണ് ദൈവത്തിന് ഇഷ്ടമെന്ന് മനസിലാക്കി ബന്ധപ്പെടുക. നാം ദൈവത്തെ പ്രശംസിക്കുമ്പോൾ, അവനിൽ അർപ്പിക്കുന്ന പ്രശംസ എങ്ങനെ മറ്റുള്ളവർക്ക് സഹായകരമായി തീരുമെന്ന് ഓർക്കുക. ആദ്യ ക്രിസ്ത്യാനികൾ നയിക്കപ്പെട്ടതുപോലെ നമുക്ക് ജീവിക്കാം!

ടിപി

## സുവിശേഷം എങ്ങനെ വരുന്നു? (1:2-5)

പൗലൊസ് ദൈവത്തിന് സ്തോത്രം ചെയ്യുവാനുള്ള മറ്റൊരു കാരണം, തെസ്സലൊനിക്യരെ ദൈവം തിരഞ്ഞെടുത്തു എന്നതാണ്. അവർ സുവിശേഷം സ്വീകരിച്ചപ്പോഴാണ് ആ തിരഞ്ഞെടുപ്പ് നടന്നത്. ലോകത്തിൽ ഏതു ജാതിയിൽ പെട്ടവരായാലും, ഏതു ദേശക്കാരായാലും സുവിശേഷം കൈക്കൊള്ളുന്നവരെ അവൻ തിരഞ്ഞെടുക്കും. തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലേക്കാണ് നമ്മെ തിരഞ്ഞെടുക്കുന്നത്. റേമണ്ട് സി.കെലി പറഞ്ഞു, "ധദൈവത്തിന്റെപ രീതിയനുസരിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത് ... ധഎങ്കിലുംപ, മനുഷ്യൻ അതിന് തയ്യാറാകുവാൻ അവൻ ആഗ്രഹിക്കുന്നു."[10]

തെസ്സലൊനിക്യർ എങ്ങനെ സുവിശേഷം സ്വീകരിച്ചു എന്നു മനസിലാക്കുമ്പോൾ, ദൈവം എങ്ങനെ ആളുകളെ പരിവർത്തനം ചെയ്ത് തന്റെ മഹത്തായ ഭവനത്തിലേക്ക് ചേർക്കുന്നു എന്ന് അറിയുവാൻ കഴിയും. അവരിലേക്ക് സുവിശേഷം എങ്ങനെ എത്തി? നമ്മിലേക്ക് സുവിശേഷം എങ്ങനെ വന്നു?

*സുവിശേഷം വചനത്താൽ വന്നു.* വചനത്തിന്റെ ശക്തി വെറുതെ തെസ്സലൊനിക്യരെ പരിവർത്തനം ചെയ്യുകയായിരുന്നില്ല, മറിച്ച് അവരോട് സുവിശേഷം അറിയിക്കയും അത് അവരുടെ മനസിൽ പതിയുകയും വേണമായിരുന്നു. എല്ലാ സുവിശേഷ പ്രസംഗങ്ങളും ഒന്നുകിൽ

സംസാരമായിട്ടോ അല്ലെങ്കിൽ എഴുത്തായിട്ടോ മനസുകളിൽ എത്തണം.

*അത് ശക്തിയിൽ വന്നു.* നാം വചനം പ്രസംഗിക്കുന്നത് അവസാന മല്ല, ആരംഭം മാത്രമെ ആകുന്നുള്ളു. ദൈവം തന്റെ വചനം എങ്ങനെ ഉപ യോഗിക്കുന്നു എന്ന് മനുഷ്യമനസിന് ഗ്രഹിക്കുവാൻ പ്രയാസമാണ്. തന്റെ ശകിതിയുപയോഗിച്ച്, അവൻ തന്റ വചനം മുഖാന്തരം പ്രവർത്തിച്ച് നാം എങ്ങനെ ആയി തീരേണമോ, ആ രീതിയിൽ ആക്കുന്നു. നമുക്ക് അത് വിശദീകരിക്കുവാൻ കഴിയില്ലെങ്കിലും, ആസ്വദിക്കുവാൻ കഴിയും.

*അത് പരിശുദ്ധാത്മാവിനാൽ വന്നു.* ദൈവത്തിന്റെ വചനം ആത്മാവിന്റെ വാളാണ് (എഫെ. 6:17). പരിശുദ്ധാത്മ നി യോഗത്താൽ പൗലൊസ് സത്യവചനം അവരിൽ എത്തിക്കുകയും ആത്മാവിന്റെ ശക്തിയാൽ ദൈവത്തിന്റെ ഉദ്ദേശം നി വർത്തിയാക്കുകയും ചെയ്തു.

*പൂർണ്ണ നിശ്ചയത്തോടെയാണ് അത് വന്നത്.* എല്ലാവരോടുമുള്ള ദൈവ സ്നേഹം പൂർണ്ണമായി ഉറപ്പിച്ചുകൊണ്ട്, ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചതിനാൽ സുവിശേഷം അനുസരിക്കുന്ന എല്ലാവർക്കുമുള്ള രക്ഷയാണ് അത് കൊണ്ടു വന്നത്. കൂടാതെ ദൈവം പ്രവർത്തിച്ചതിന്, പൗലൊസും. ശിലാസും. തിമൊഥെയൊസിനും പൂർണ്ണ നിശ്ചയമുള്ളവരായിരുന്നു.

തെസ്സലൊനിക്യർ വചനം പ്രസംഗിക്കുന്നത് കേൾക്കുകയും, അവരുടെ ആത്മാക്കൾ അത് സ്വീകരിച്ചപ്പോൾ, പരിശുദ്ധാത്മാവ് ദൈവത്തിന്റെ ഉപ കരണമായി ആ വാക്കുകളെ അവരിൽ ഉപയോഗിക്കുകയായിരുന്നു. ഇത്തരത്തിലായിരുന്നു സുവിശേഷം അവരിലെത്തിയത്; ഇന്ന് നമ്മിലേക്ക് സുവിശേഷം വരുന്നതും അത്തരത്തിൽ തന്നെയാണ്. ഈസി

**അവരുടെ തിരഞ്ഞെടുപ്പ് തീർച്ചയുള്ളതായിരുന്നു (1:4-7)**

തെസ്സലൊനിക്യയിലെ സഹോദരന്മാരെ ദൈവം "തിരഞ്ഞെടുത്തു" (എൻഏഎസ്ബി) എന്നാണ് വാക്യം 4 ൽ പൗലൊസ് ഊന്നി പറഞ്ഞത്; "ഇലെക്ഷൻ" (കെജെവി). ദൈവ സ്നേഹത്താൽ തിരഞ്ഞെടുക്കുക എന്നത് വാസ്തവത്തിലുള്ള അനുഗ്രഹം തന്നെയാണ്.

തെസ്സലൊനിക്യയിലുള്ളവർ *ദൈവത്തിന് "പ്രിയരായിരുന്നു"* (വാ. 4). ഒരർത്ഥത്തിൽ ദൈവം എല്ലാവരെയും സ്നേഹിക്കുന്നു (യോഹ. 3:16), പക്ഷെ ക്രിസ്ത്യാനികൾ മാത്രമാണ് അവന്റെ സ്നേഹം സ്വീകരിച്ചു അവനോ ാട് നിരന്നത്, അതിനാൽ അവർ അവന്നു പ്രത്യേകമായി പ്രിയപ്പെട്ടവരാണ്. ദൈവ സ്നേഹത്തിൽ ധജീവിക്കുവാൻപ അവന്റെ അനുഗാമികൾ "അവന്റെ കൽപനകൾ പ്രമാണിക്കണം" (യൂദാ. 21).

രണ്ട് കാര്യങ്ങളെ ആസ്പദമാക്കിയാണ് ദൈവ സ്നേഹത്തിലേക്ക് തിരഞ്ഞെടുക്കുന്നത്. ഒന്ന് അത് ദൈവത്തിന്റെ പ്രവൃത്തിയെ ആസ്പ ദമാക്കിയാണ്. യോഹന്നാൻ 3:16 പറയുന്നു, "അവനെ നൽകുവാന്തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു ..." രണ്ട്, വിശ്വാസത്താലും അന ുസരണത്താലും അവന്റെ ദാനം സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. എബ്രായ ലേഖകൻ എഴുതി, "അവൻ തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു" (എബ്രാ. 5:9). ഒരു കൂട്ടം ആള ുകളെ ദൈവം രക്ഷക്കായി തിരഞ്ഞെടുക്കയും മറ്റൊരു കൂട്ടം ആളുകളെ നാശത്തിനായും തിരഞ്ഞെടുക്കുന്നു. നമുക്ക് ഒന്നുകിൽ അവനെ വിശ്വസിച്ച് അനുസരിച്ച് രക്ഷ സ്വീകരിക്കാം, അല്ലെങ്കിൽ അവന്റെ പുത്രനെ തള്ളിക്കളഞ്ഞ്

നിത്യനാശം തിരഞ്ഞെടുക്കാം (യോഹ. 12:48).

പൗലൊസിന്റെ വിവരണം അനുസരിച്ച് തെസ്സലൊനിക്യർ ദൈവത്തെ അനുസരിച്ചവരായിരുന്നു (1 തെസ്സ. 2:13 നോക്കുക). "നിങ്ങൾ കർത്താവിന്റെയും ഞങ്ങളുടേയും അനുകാരികളായി തീർന്നു" എന്നാണ് അവൻ എഴുതിയത് (വാ. 6). പൗലൊസ് ക്രിസ്തുവിനെ അനുകരിക്കുവാൻ ബദ്ധപ്പെടുകയും, തന്റെ മാതൃക പിൻപറ്റുവാൻ മറ്റുള്ളവരെ പ്രോൽസാഹിപ്പിക്കയും ചെയ്തു (1 കൊ. 11:1). അതുകൊണ്ട്, "അങ്ങനെ നിങ്ങൾ എല്ലാവരും മക്കൊദൊന്യയിലും അഖായയിലും വിശ്വസിച്ച എല്ലാവർക്കും മാതൃകയായി തീർന്നു" എന്നു പൗലൊസിന് പറയുവാൻ കഴിഞ്ഞു (വാ. 7), സുവിശേഷം അനുസരിച്ചതിനും, മറ്റുള്ളവർക്ക് അനുകരിപ്പാൻ മാതൃക കാണിച്ചുകൊടുത്തതിനും അവൻ അവരെ അനുമോദിക്കയായിരുന്നു.

ക്രിസ്ത്യാനികൾ ഇന്ന് "*ദൈവത്തിന് പ്രിയപ്പെട്ടവരാണ്.*" തെസ്സലൊനിക്യയിലുള്ളവർ അനുസരിച്ചതിനാൽ, അവർ തിരഞ്ഞെടുക്കപ്പെട്ടവരാണ് എന്ന് പൗലൊസിന് ഉറപ്പായിരുന്നു. ഇന്ന് ക്രിസ്ത്യാനികൾ അനുസരിക്കുന്ന ജീവിതമാണ് നയിക്കുന്നതെങ്കിൽ, നമ്മെയും ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്നു നമുക്ക് ഉറപ്പിക്കാം. എങ്കിൽ തീർച്ചയായും, നമുക്ക് താഴെ കൊടുത്തിരിക്കുന്ന പാട്ടു പാടുവാൻ കഴിയും,

യേശുവിന്റെ കയ്യിൽ സുരക്ഷിതർ,<br>
അവന്റെ മൃദുല മാറിൽ സുരക്ഷിതം<br>
അവന്റെ സ്നേഹ-തണലിൽ<br>
എന്റെ ആത്മാവ് സ്വൈര്യമായി വിശ്രമിക്കും.[11]

തെസ്സലൊനിക്യരെ ദൈവം തിരഞ്ഞെടുത്തത് പൗലൊസിന് തീർച്ചയുണ്ടായിരുന്നതുപോലെ നമുക്കും നമ്മുടെ തിരഞ്ഞെടുപ്പ് തീർച്ചയാക്കാം.

ഈഈ

**ഓർമ്മിക്കേണ്ട ഒരു മാതൃക (1:6-8)**

സുവിശേഷം അനുസരിച്ച ഉടനെ തെസ്സലൊനിക്യർ ഉപദ്രവിക്കപ്പെട്ടു. ഉപദ്രവം നേരിട്ടിട്ടും, അവർ സന്തോഷിക്കുവാനുള്ള കാരണം അവർ നിത്യജീവന് അവകാശികളായി തീർന്നു എന്നതിനാലായിരുന്നു. അവരുടെ ശക്തമായ വിശ്വാസം ദേശമെങ്ങും വ്യാപിക്കുകയും മക്കെദോന്യയിലും അഖായയിലും വിശ്വസിച്ചവർക്ക് എല്ലാവർക്കും മാതൃകയായി തീരുകയും ചെയ്തു. അവർ സന്തോഷത്തോടെ ആണ് വചനം കൈക്കൊണ്ടത്, തുടർന്ന് അവർക്ക് ബുദ്ധിമുട്ട് നേരിട്ടെങ്കിലും അവർ വിശ്വസ്തരായി ജീവിച്ചു.

ഒരു കായിക താരത്തിന് മികച്ച കഴിവ് പ്രകടിപ്പിച്ച് മാതൃകയുള്ള വ്യക്തിയായി അറിയപ്പെട്ടേക്കാം. എന്നാൽ ആ മികവ് ക്രമേണ മങ്ങി പോകും. ശക്തിയുള്ളതും വിശ്വസ്തവുമായ ക്രിസ്തീയ ജീവിതത്തിന് തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ മാതൃകയുള്ളവരായി. ആ മാതൃക മറ്റെല്ലാ ഭൗതികമായ മാതൃകാ ഗോപുരങ്ങളെക്കാൾ എക്കാലവും നി ലനിൽക്കുന്നതാണ്. തെസ്സലൊനിക്യയിലുള്ളവർ എങ്ങനെ മറ്റുള്ളവർക്ക് മാതൃകയായി എന്നു നമുക്ക് പരിശോധിക്കാം.

*അവർ അനുകരണത്തിന് മാതൃകയുള്ളവരായിരുന്നു.* ആരെ അന

ുകരിക്കണമെന്ന് അവർ അറിഞ്ഞിരുന്നു–പൗലൊസിനേയും യേശുവിനെയും. കഷ്ടതയിൽ അവർ പൗലൊസിനേയും യേശുവിനേയും പോലെയായിരുന്നു. മാതൃകയാകുവാൻ ഒരാൾ അനുകാരിയാകണം. ആരോ പറഞ്ഞു, "ആരംഭത്തിൽ ജനിക്കുന്ന ഓരോരുത്തരും മരിക്കുന്നത് പകർപ്പ് ആയിട്ടാണ്." തെസ്സലൊനിക്യർ പൗലൊസിന്റേയും യേശുവിന്റേയും പകർപ്പായി മാറി.

*അവർ തുടരുന്ന മാതൃകയായിരുന്നു.* പ്രതിസന്ധി സമയങ്ങളിൽ അവർ ഉപേക്ഷിച്ചില്ല. ദൈവ വചനം ആഴത്തിൽ അവരുടെ ഹൃദയങ്ങളിൽ എഴുതിയിരുന്നു, ഉപദ്രവമെന്ന കൊടുങ്കാറ്റ് വീശിയിട്ടും അവരുടെ സമർപ്പണത്തിൽനിന്നും അവർ പിൻവാങ്ങിയില്ല.

*അവർ സന്തോഷത്തിന്റെ മാതൃകയായിരുന്നു.* കൊടുങ്കാറ്റ് ആഞ്ഞടിക്കുന്ന കാലാവസ്ഥയിലും ആത്മാവിന്റെ സന്ദേശം അനുസരിച്ചതിന്റെ ഫലമായുണ്ടായ സന്തോഷം അവരിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. ഇത്തരം സന്തോഷം ഏറ്റവും വലിയ പാപി മുതൽ ഏറ്റവും ഉയർന്ന ആത്മിയ വ്യക്തി വരെ എല്ലാവർക്കും പ്രതീതി ജനിപ്പിക്കുന്നതാണ്.

*അവർ വിശ്വാസത്തിന്റെ മാതൃകയായിരുന്നു.* അവരുടെ വിശ്വാസം അവരിലോ, അവരുടെ ക്രിയാത്മക ചിന്തയിലോ ആയിരുന്നില്ല, മറിച്ച് ദൈവത്തിലായിരുന്നു. ദൈവത്തിലായിരുന്നു അവർ വിശ്വസിച്ചത്!

മറ്റുള്ളവരെ സഹായിക്കുന്നതെങ്ങനെ എന്ന് നമുക്ക് കാണിച്ചു തരികയാണ് തെസ്സലൊനിക്യയിലുള്ളവർ. നല്ല മാതൃക അവർക്ക് കാണിച്ചുകൊടുക്കുക എന്നതാണ് മറ്റുള്ളവർക്ക് നൽകാവുന്ന വലിയ നന്മ–ഉപദ്രവങ്ങളിലും, വിശ്വസ്തത യോടെ, തുടർച്ചയായി സന്തോഷിക്കുകയും ദൈവത്തിലുള്ള വിശ്വാസ സ്ഥിരത നിലനിർത്തുകയും ചെയ്യുക. ഈസി

**പിൻപറ്റാവുന്ന മാതൃക (1:6-10)**

ആളുകളിലുള്ള ശക്തമായ നയമാണ് അനുകരണം. കുട്ടികൾ കുട്ടികളെയും പ്രായപൂർത്തിയായവരെയും പകർത്തും.പ്രായപൂർത്തിയിലെത്തിയവർ നല്ലതും മോശമായതും അനുകരിക്കും. തങ്ങൾ സ്വീകരിക്കുന്ന തൊഴിലായാലും വ്യാപാരമായാലും, അതിൽ ഏർപ്പെട്ടിരിക്കുന്നവർ അത് ഉദ്യോഗസ്ഥരായാലും, കായികാഭ്യാസികളായാലും, തങ്ങളുടെ പ്രാവീണ്യം മികവുറ്റതാക്കുവാൻ ചിലരെ അനുകരിക്കും. മറ്റുള്ളവരുടെ പരാജയത്തെയും വിജയത്തെയും ആളുകൾ നോക്കി വിജയത്തെ പകർത്തും.

അദ്ധ്യായം 1 ന്റെ അവസാന ഭാഗത്ത് അനുകരിക്കലിനെ കുറിച്ച് ധാരാളം കാര്യങ്ങൾ പറയുന്നു. സുവിശേഷത്തോട് പ്രതികരിച്ച് തെസ്സലൊനിക്യയിലുള്ളവരുടെ വലിയ ആരംഭത്തെ കുറിച്ച് 1 തെസ്സലൊനിക്യർ 1:6–10 വിവരിക്കുന്നു. കർത്താവിനെയും അവന്റെ ശിഷ്യന്മാരെയും അനുകരിക്കുന്നതായിരുന്നു അവരുടെ പ്രവൃത്തികൾ, അത് മറ്റു ക്രിസ്ത്യാനികൾക്ക് അനുകരിക്കത്തക്കതുമായിരുന്നു. ആ പുതിയ ക്രിസ്ത്യാനികളുടെ അനുഭവത്തിന്റെ ഒരു ഭാഗം മറ്റു ക്രിസ്ത്യാനികളുടെ ജീവിതമായിരുന്നു, അത് അവരുടെ ജീവിതത്തിൽ യേശുവിന്റെ മടങ്ങിവരവിനെ കാത്തിരിക്കുന്നതിന് അവരെ സഹായിച്ചു.

ആരെയാണ് നാം അനുകരിക്കേണ്ടത്? എങ്ങനെയാണ് അത് ചെയ്യേണ്ടത്? ആർക്കാണ് നാം മാതൃകയാകേണ്ടത്?

*ക്രിസ്തീയ മാതൃക അനുകരിക്കുക (1:6).* "പഠിപ്പിക്കേണ്ടതിനേക്കാൾ

പിടിക്കേണ്ടതാണ് ക്രിസ്ത്യാനിത്വം" എന്ന ഒരു ചൊല്ല് ഉണ്ട്-അതിന്റെ അർത്ഥം എന്തെന്നാൽ, ക്രിസ്ത്യാനിത്വം ഫലവത്താകുന്നത് വെറുമൊരു പാഠം പഠിക്കുന്നതിനാലല്ല, പിന്നെയോ, മാതൃകാപരമായ ഒരു ജീവിതം കാണുന്നതിനാലാണ്. വേറൊരുചൊല്ലുള്ളത്, "ക്രിസ്ത്യാനിത്വം പിടിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ് പഠിപ്പിക്കുന്നത്." ദൈവത്തിന്റെ തികവുള്ള വചനത്തെ അറിയുന്നതിന്റെ ഗുണത്തെ ഊന്നി പറയുന്നതാണ് അത്. ക്രിസ്ത്യാനി അറിവില്ലാത്ത, തികവില്ലാത്ത ജീവിതം നയിച്ചാൽ അത് തെറ്റായ മാതൃകയായി തീരും.

ക്രിസ്ത്യാനിത്വം എന്നു പറയുന്നത് പഠിപ്പിക്കേണ്ടതും പിടിക്കേണ്ടതുമാണെന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്. ക്രിസ്ത്യാനിത്വം പഠിപ്പിക്കേണ്ടതാണ്, അതേ സമയത്ത് മറ്റുള്ളവരുടെ ജീവിതവും കാണുവാൻ നാം ആഗ്രഹിക്കുന്നു. യേശുവിൽ നമുക്ക് ഒരു തികഞ്ഞ ജീവിതം കാണിച്ചുതരുന്നു. തെസ്സലൊനിക്യയിലുള്ളവരോട് സുവിശേഷം അറിയിച്ചപ്പോൾ, അവർ യേശുവിനെ അനുകരിച്ച് ദൈവേഷ്ടം ചെയ്യുവാനാണ് ആഗ്രഹിച്ചത്. അവരുടെ ഉപദേഷ്ടാക്കന്മാരുടെ ജീവിതത്തെ അനുകരിപ്പാനും അവർ ശ്രമിച്ചിരുന്നു (1:6). സത്യം ശരിയായി പഠിപ്പിക്കുന്നവർ മനസിലാക്കേണ്ടത്, നാം നമ്മുടെ പ്രവൃത്തികളാൽ തെറ്റായ മാതൃക കാണിച്ചുകൊടുത്താൽ, സംഭവിക്കുവാൻ പോകുന്ന വിപത്ത് വളരെ വലുതായിരിക്കും. അതേ സമയത്ത്, ദൈവഭക്തിയുള്ള മാതൃകാ ജീവിതം ഒരാൾ നയിക്കുമ്പോൾ, അയാൾ ദൈവത്തിന്റെ വചനം പ്രവൃത്തിയിൽ കൊണ്ടുവരുന്നു.

"ബഹുകഷ്ടം" എന്നത് പല ക്രിസ്ത്യാനികൾക്കും ചിന്തിക്കുവാൻ തന്നെ പ്രയാസമാണ്. സുവിശേഷം അനുസരിച്ച നാൾ മുതൽ തെസ്സലൊനിക്യരുടെ ജീവിതത്തിൽ അത് ഒരു ഭാരമായിരുന്നു. മിക്ക പുരാതന പട്ടണങ്ങളിലും ഏകദേശം നൂറുകണക്കിന് കുടുംബങ്ങൾ മാത്രമാണുണ്ടായിരുന്നത്. ആകയാൽ സുവിശേഷം പ്രസംഗിക്കുമ്പോൾ ആരൊക്കെയാണ് തങ്ങളുടെ വിശ്വാസത്തിന് മാറ്റം വരുത്തിയതെന്ന് ആളുകൾ തിരിച്ചറിഞ്ഞിരുന്നു. ദിനമ്പ്രതിയുള്ള കുടുംബ ധ്യാനം, ക്ഷേത്രാരാധന, നിരന്തരമായ ആഘോഷങ്ങൾ-എന്നിവ ക്രിസ്തീയ ജീവിതത്തിൽനിന്നും അകന്നുപോയി-കാരണം അവയെല്ലാം തെറ്റായ ദേവന്മാരെ പ്രസാദിപ്പിക്കുന്നതായിരുന്നു; പിന്നീട് അവന്റെ വീട്ടിൽ വിഗ്രഹങ്ങൾ ഇല്ലാതായി; അവൻ പിന്നീട് ക്ഷേത്രയാഗങ്ങൾ നടത്താറായി; മതപ്രദക്ഷിണങ്ങളിൽ അവനെ കാണാതായി. അയൽക്കാർ അതറിഞ്ഞ് അവനെ വെറുക്കുവാൻ തുടങ്ങി. ഒറ്റപ്പെടുത്തലും, നിന്ദയും, പരിഹാസവും, ഉപദ്രവവും ക്രിസ്ത്യാനിയായതിന്റെ ഫലമായി മാറി.

ഈ സാഹചര്യങ്ങളെല്ലാമുണ്ടായിട്ടും, തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ സന്തോഷഭരിതരായിരുന്നു. ഇത് നമുക്ക് മനസിലാക്കുവാൻ പ്രയാസമാണ്! അത്തരം മനോഭാവം അവർ എങ്ങനെയാണ് വളർത്തിയെടുത്തത്? പരിശുദ്ധാത്മാവ് ആ ക്രിസ്ത്യാനികളിൽ വന്നപ്പോൾ-അവരിൽ ദൈവിക സ്നേഹവും സൗഹൃദവും, ദൈവത്തിന്റെ സമാധാനവും സുരക്ഷിതത്വവും, ദൈവത്തിന്റെ നൽകലും ലക്ഷ്യമുറപ്പിക്കലും എന്ന ആത്മിയ അനുഗ്രഹങ്ങൾ-അവർ അനുഭവിച്ച ഒറ്റപ്പെടുത്തലും, മുറിപ്പെടുത്തലും, വേർതിരിവും, ഉപദ്രവങ്ങളും ഗണ്യമാക്കാതായി. ആ അനുഗ്രഹങ്ങളെ അവർ തിരിച്ചറിഞ്ഞതിനാൽ അവർക്ക് സന്തോഷിക്കുവാൻ കഴിഞ്ഞു. അവർ

പൗലൊസിനെ അത്തരത്തിലാണ് കണ്ടത്, കാരണം, “ഉള്ള അവസ്ഥയിൽ അലംഭാവത്തോടെ ഇരിപ്പാൻ ഞാൻ ശീലിച്ചിട്ടുണ്ട്” എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (ഫിലി. 4:11).

അവർ ഇപ്പോൾ വിഗ്രഹാരാധന ഉപേക്ഷിച്ചിരിക്കുന്നു. അവരുടെ ബന്ധുക്കളുടേയും അയൽക്കാരുടേയും മതാചാരങ്ങളിൽ അവർ പങ്കെടുക്കാതായി. അവർ തന്നെയാണ് അങ്ങനെ തിരഞ്ഞെടുത്തത്. ജീവിതത്തിലെ ഏറ്റവും നല്ല വഴിയായ ദൈവത്തെയും ദൈവജനത്തെയും അനുകരിക്കുക എന്നതാണ് അവർ തിരഞ്ഞെടുത്തത്. അത് അവരെ പ്രതികൂല പ്രതിസന്ധികൾ അതിജീവിക്കുവാൻ സഹായിച്ചു. ആ വ്യത്യാസം നമുക്ക് കാണുവാൻ കഴിയുന്നുണ്ടോ? നമുക്ക് ശരിയായ തിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയുന്നുണ്ടോ? ഇതാണ് നല്ല വഴി എന്നു തിരിച്ചറിഞ്ഞ് നമുക്ക് കർത്താവിന്റെ മാതൃക പിൻപറ്റുവാൻ കഴിയുന്നുണ്ടോ?

*മറ്റുള്ളവർക്ക് അനുകരിക്കുവാൻ ഒരു മാതൃക ആകുക (1:7).* ദൈവത്തിന്റെ വഴിയാണ് ജീവിതത്തിൽ ഏറ്റവും നല്ലത് എന്ന് മനസിലാക്കി അത് തിരഞ്ഞെടുക്കുമ്പോൾ, അത് മറ്റുള്ളവർക്ക് അനുകരിക്കത്തക്ക മാതൃക ആകുകയാണ്. ദൈവം എങ്ങനെയിരിക്കും എന്ന് ആളുകളെ ബോധ്യപ്പെടുത്തുവാൻ എപ്പോഴും ആളുകളെയാണ് ഉപയോഗിച്ചിട്ടുള്ളത്.

തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികളെ കുറിച്ചു മാത്രമല്ല, ഫിലിപ്പിയ, മക്കെദേന്യ, അഥേന, അഖായയിലെ കൊരിന്ത് തുടങ്ങിയ സ്ഥലങ്ങളിലെ ക്രിസ്ത്യാനികളെ കുറിച്ചും പ്രവൃത്തികളുടെ പുസ്തകം വിവരിക്കുന്നു. ഈ പ്രദേശങ്ങളിലുള്ളവരും മറ്റു പല സഭകളിലെ പലരും തെസ്സലൊനിക്യർ സുവിശേഷം അനുസരിച്ച ശേഷം ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടും വിശ്വാസത്തിൽ ഉറച്ചുനിന്നത് കേട്ടിട്ട് മാതൃകാ ജീവിതം നയിക്കുവാനിടയായി. തീർച്ചയായും, ക്സ്തീയ വിശ്വാസം നിമിത്തം പ്രയാസം നേരിട്ടു ജീവിച്ച സഭകൾ മറ്റു പല സഭകൾക്കും പക്വതയിലെത്തുവാൻ സഹായകരമായി.

നാം പലപ്പോഴും വിചാരിക്കുന്നത്, മറ്റു ഇവകകളിൽ നടക്കുന്ന കാര്യങ്ങളിൽ നമുക്ക് ഒരു കാര്യവുമില്ല എന്നാണ്. ഇടവകകൾ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ദൈവം വിചാരിക്കുന്നത് മറ്റൊരു വിധത്തിലാണ്. പ്രാദേശിക സ്വയം ഭരണത്തെ കുറിച്ച് നാം ചിലപ്പോൾ തെറ്റായിട്ടാണ് ചിന്തിക്കുന്നത്-പ്രാദേശിക ഇവകകളുടെ കാര്യങ്ങൾ അവർ തന്നെ തീരുമാനിച്ചു നടപ്പാക്കണം എന്നത്-സ്വാതന്ത്ര്യത്തിനും ഏകാന്തതക്കും. നാം വാർത്തകൾ പങ്കിടണം എന്നതാണ് ബൈബിൾ ഉദാഹരണം. തെസ്സലൊനിക്കയിലെ ആ പുതിയ സഭയിൽ രണ്ടായിരം വർഷങ്ങൾക്ക് മുൻപ് സംഭവിച്ച കാര്യം ലോകത്തിന്റെ മറുവശത്തുള്ള ആസ്ട്രേലിയയിലുള്ളവർ അറിയണമെന്ന് അവൻ ആഗ്രഹിക്കുന്നു!

അധികാരികൾ അവരെ ഉപദ്രവിച്ചതും, അവരുടെ അയൽക്കാർ അവരെ നിന്ദിച്ചതും നാം പരിഗണിച്ചാൽ, ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ അത് നമ്മെ സഹായിക്കും. തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾക്ക് ജോലി ലഭിക്കുന്നതിന് പ്രയാസം നേരിട്ടു, അവശ്യ സാധനങ്ങളും ആഹാരപദാർത്ഥങ്ങളും വാങ്ങുവാൻ കഴിയാതായി, അയൽക്കാരോട് സൗഹൃദം പുലർത്തുവാനും സാധ്യമല്ലാതായി. തെസ്സലൊനിക്യർ അനുഭവിച്ച അതേ ബുദ്ധിമുട്ടുകൾ നമുക്ക് ഉണ്ടെങ്കിലും ഇല്ലെങ്കിലും, നമ്മുടെ ആത്മിയ പുരോഗതിക്ക് തടസങ്ങളും ഭീഷണികളും നേരിടും എന്നത് പരമാർത്ഥമാണ്.

ക്ലേശങ്ങളിലും മറ്റുള്ളവർ വിശ്വസ്തരായി ജീവിക്കുന്നത് നാം കാണുമ്പോൾ, ആത്മാവിൽ ഉറച്ചു നിൽക്കുവാൻ അത് നമ്മെ പ്രേരിപ്പിക്കും.

പ്രയാസമുള്ള സാഹചര്യങ്ങളിലും, ഒരു ചെറിയ ഇടവക വിശ്വാസമുള്ള മാതൃകാ ജീവിതം നയിക്കുന്നത് ടൗണിലും, സംസ്ഥാനത്തിലും, രാജ്യത്തിലും, വൻകരയിലും ഉള്ള മറ്റുള്ളവർക്ക് ആ വാർത്ത പ്രചോദനപ്രദമായ മാതൃകയായിരിക്കും. ചെറിയ ഇടവകയിലെ മാതൃകാ ജീവിതം നയിക്കുന്ന ഒരംഗത്തിന് പോലും, ചുറ്റുമുള്ള വലിയ സഭയിലെ അംഗങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകയായിരിക്കും.

*മറ്റുള്ളവരെ മാതൃകാപരമായി നയിക്കുക (1:8).* സുവിശേഷം തെസ്സലൊനിക്യയിൽ വ്യാപിച്ചപ്പോൾ ഉപദേഷ്ടാക്കന്മാർക്ക് ജോലിയില്ലാതായി! ശിഷ്യന്മാർ അത് ഏറ്റെടുത്തു. അവരുടെ പാഠങ്ങൾ അവർ നന്നായി പഠിച്ചതിനാൽ, പുതിയ ക്രിസ്ത്യാനികൾ എല്ലാവരോടും സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു. ആ പ്രദേശത്ത് മാത്രമല്ല, ലോകമെങ്ങും ഉള്ള ആളുകൾ സുവിശേഷത്തെ കുറിച്ചുള്ള സുവാർത്ത കേട്ടവരെല്ലാം അതിന്റെ ഗുണഫലങ്ങൾ അനുഭവിച്ചവരെല്ലാം തെസ്സലൊനിക്യയിൽ സംഭവിച്ചത് മറ്റുള്ളവരോട് അറിയിക്കുവാൻ തുടങ്ങി (1:8). അവിടെ സംഭവിച്ചത് മറ്റുള്ളവരെ അറിയിക്കുവാനായി പൗലൊസും. ശിലാസും, തിമൊഥെയൊസും ലോകമെങ്ങും പോകേണ്ടിയിരുന്നില്ല. ഉപദേഷ്ടാക്കന്മാരേക്കാൾ വേഗതയിൽ അവരുടെ സന്ദേശവും ഫലവും വ്യാപിക്കുവാൻ തുടങ്ങി.

ആത്മാർത്ഥമായ വിശ്വാസം ആളുകളുടെ ജീവിതത്തെ നല്ല വഴിയിലേക്ക് മാറ്റും. ആ ഫലത്തെ കാണുന്നവർ അതിന്റെ കാരണത്തെ അന്വേഷിച്ച് കണ്ടെത്തി അത് മറ്റുള്ളവരിലേക്ക് പകരും! മോശമായ വാർത്ത വേഗത്തിൽ പരക്കുവാൻ കാരണം, അതിന്റെ വിസ്മയവും, അസാധാരണത്വം നിമിത്തമാണ്; എന്നാൽ വഞ്ചനയും, ചതിയും, നിരാശയും, അരക്ഷിതാവസ്ഥയും നേരിടുന്ന ലോകത്തിന് നല്ല വാർത്ത അത്യാവശ്യമാണ്. ഇടവകയിലെ ആത്മാർത്ഥതയുള്ള ഒരംഗത്തിന് ഇടവകക്ക് മുഴുവൻ നല്ല വാർത്ത സംഭാവന ചെയ്യുവാൻ കഴിയും. ഒരു ഇടവകയിലെ നല്ല വാർത്ത മറ്റു പല ഇവകകളിലേക്കും എത്തിക്കുവാൻ കഴിയും. തന്റെ സഭയെ കുറിച്ച് ആളുകളോട് ക്രിയാത്മകമായി തന്റെ ജനം സംസാരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അത് അവനെ ആദരിക്കുകയും ആളുകളെ സഹായിക്കുകയും ചെയ്യും. ക്രിസ്ത്യാനികൾ മറ്റുള്ളവരെ കുറിച്ചു നല്ലത് കേൾക്കുകയും കാണുകയും ചെയ്യുന്നത് മറ്റു ക്രിസ്ത്യാനികളെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന സുവിശേഷ വ്യാപ്തി നമുക്ക് വർദ്ധിപ്പിക്കാം.

*ഒരു മാതൃകയായി തീരുന്നത് തിരഞ്ഞെടുക്കുക (1:9, 10).* അനുകരണത്തിനുള്ള ആദ്യ പടിയാണ് തിരഞ്ഞെടുപ്പ്. ബഹു ദേവന്മാരെ വിശ്വസിച്ച് ആരാധിച്ചിരുന്ന അജ്ഞരായ അഥേനയിലുണായിരുന്ന ആളുകളോട് അപ്പൊസ്തലനായ പൗലൊസ് ഏക സത്യ ദൈവവത്തെ കുറിച്ച് പറഞ്ഞു (പ്രവൃ. 17:22–31). ഈ ദൈവം പൂർണ്ണശക്തിയുള്ളവനും, പരമോന്നതനും, ജ്ഞാനിയും പൂർണ്ണസ്നേഹവാനും ആണെന്ന് പൗലൊസ് പറഞ്ഞു. അവനുമായി താരതമ്മ്യം ചെയ്താൽ മറ്റുദേവന്മാരെല്ലാവരും കുറഞ്ഞവരാണ്. ദൈവത്തെ കുറിച്ചുള്ള ഏറ്റവും വലിയ മാഹാത്മ്യം എന്തെന്നാൽ, അവന്റെ സാമീപ്യമാണ്, കാരണം, “അവൻ നമ്മിൽനിന്ന് അകന്നിരിക്കുന്നവനല്ല” (വാ. 27). മക്കൾ എവിടെയാണെങ്കിലും, അവർ പല വിധത്തിലും

അവരുടെ അപ്പനെ പോലെ ആണ് എന്ന പോലെ, ദൈവത്തിന്റെ മക്കൾ എവിടെയാണെങ്കിലും അവർ അവനെ പോലെ ആയിരിക്കുന്നു. സത്യ ദൈവത്തെ നമസ്ക്കരിക്കുന്നതും വിഗ്രഹത്തെ ആരാധിക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്തെന്ന് തെസ്സലൊനികൃയിലുള്ളവർ തിരിച്ചറിഞ്ഞു കഴിഞ്ഞു.

പല ദേവന്മാരെ സ്വീകരിച്ചിരുന്ന തെസ്സലൊനികൃക്കാർ വിഗ്രഹങ്ങളും സതൃദൈവവും തമ്മിലുള്ള വ്യത്യാസം അവർ മനസിലാക്കിയപ്പോൾ അവർ ജീവനില്ലാത്ത കുറഞ്ഞതിനെ വിട്ടുകളഞ്ഞ് ജീവനുള്ള തികവുള്ള സത്യദൈവത്തെ മുറുകെ പിടിച്ചു (1:9, 10). മക്കളെ സ്നേഹിക്കുന്ന ഒരു പിതാവിനെ പോലെയുള്ള ദൈവത്തെ സ്വീകരിക്കുവാനാണ് അവർ സകല ദേവന്മാരെയും പ്രതിഷ്ഠിച്ചിരിക്കുന്ന പാന്തെയോണിനെ തെസ്സലൊനികൃയിലുള്ളവർ ഉപേക്ഷിച്ചത്. അവർ തിരഞ്ഞെടുപ്പിനെ കുറിച്ച് ചിന്തിച്ച് ഒരു തീരുമാനം എടുത്തു. ഏത ദൈവത്തെ തിരഞ്ഞെടുക്കുവാൻ അവർ പലതിനേയും ഉപേക്ഷിച്ചു. അത് അവരുടെ തന്നെ തിരഞ്ഞെടുപ്പായിരുന്നു. അല്ലാതെ മറ്റാരുടേയും നിർബ്ബന്ധത്താലായിരുന്നില്ല.

ഇത് നമുക്ക് പഠിക്കുവാനുള്ള പ്രധാനപ്പെട്ട ഒരു പാഠമാണ്. എല്ലാ ജീവികളെക്കാളും മനുഷ്യരേക്കാളും ഉയർന്നവനാണ് ദൈവം. എല്ലാ ജ്ഞാനത്തേക്കാളും ഉയർന്നതാണ് ദൈവ വചനം. മറ്റെല്ലാ ജീവിത ശൈലിയേക്കാളും ഉയർന്നതാണ് ദൈവ വഴി. എങ്ങനെയായാലും, തന്നെ അനുഗമിപ്പാൻ ദൈവം ആരെയും നിർബന്ധിക്കുകയില്ല. ക്രിസ്ത്യാനിയാകുന്നതും ദൈവവഴിയിൽ നടക്കുന്നതും ഓരോരുത്തൻ തിരഞ്ഞെടുക്കുന്നതാണ്–അതിൽ യാതൊരു സമ്മർദ്ദവും അടങ്ങിയിട്ടില്ല–ദൈവം നമ്മെ ദത്തെടുക്കുവാൻ അനുവദിച്ചാൽ മാത്രമെ അനുഗ്രഹങ്ങൾ പ്രാപിക്കയുള്ളു. അവന്റെ വചനത്തെ പിൻപറ്റി അവന്റെ വഴിയിൽ ജീവിക്കുവാനായി തിരഞ്ഞെടുക്കുക!

ദൈവത്തെയും അവന്റെ അനുഗാമികളെയും അനുകരിക്കുന്നതിന് ചില പ്രേരണകളും കാരണങ്ങളും അവനെ നായകൻ ആക്കുന്നതിന് ആവശ്യമാണ്. യേശുവിന്റ ഉയർപ്പും അവൻ മടങ്ങി വരുമെന്ന വാഗ്ദാനവും അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർക്ക് സുവിശേഷ സന്ദേശത്തോട് പ്രതികരിക്കുവാൻ കരണമായി. ഏക സത്യ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ മടങ്ങി വരവ് ആ ക്രിസ്ത്യാനികൾക്ക് വലിയ കാത്തിരുപ്പും പ്രതീക്ഷയുമായിരുന്നു. തയ്യാറെടുപ്പില്ലാതെ ദൈവത്തെ മുഖാമുഖമായി കാണുമ്പോഴുണ്ടാകുവാനിടയുള്ള നാശം ഒഴിവാക്കുവാൻ യേശു മാത്രമാണ് നമുക്കായി തന്റെ ജീവൻ സമർപ്പിച്ചത്. യേശുവിനെ കണ്ടുമുട്ടുന്ന സമയം തന്റെ പിൻഗാമികൾക്ക് സന്തോഷവും നന്ദിയും പ്രകടിപ്പിക്കുന്ന സന്ദർഭമാണ്; അവരെ കുറിച്ച് അത്യധികമായി കരുതിയ ഒരാളെയാണ് അവർ അപ്പോൾ അഭിമുഖീകരിക്കുന്നത്–നമ്മെയും അവൻ കരുതിയതുകൊണ്ടാണ് ക്രൂശിൽ നമുക്കായി മരിച്ചത്. തെസ്സലൊനികൃയിലുള്ളവർ ദൈവത്തെ പോലെയായി, അവന്റെ വശത്തേക്ക് ചേരുവാൻ ആഗ്രഹിച്ചു; അവർ ദൈവത്തോടു *കൂടെ* ചേർന്ന്, അവന്റെ *വശത്ത്* ആയതിന്റെ ഗുണം അവർക്ക് ലഭിച്ചു!

*ഉപസംഹാരം.* ക്രിസ്തീയ ജീവിതം നയിക്കുന്നതിൽ നാം മാതൃകയായിരിക്കുവാനാണ് ദൈവം ഉദ്ദേശിക്കുന്നത്; അവന്റെ പ്രവർത്തി യേശുവിന്റെ ജീവിതത്തോടുകൂടെയാണ് ആരംഭിച്ചത്. അവന്റെ അപ്പൊസ്തലന്മാർ സുവിശേഷം അറിയിച്ചുകൊണ്ടിരുന്നപ്പോൾ അതു തുടർന്നു. അവർ ഓരോരുത്തരും ക്രിസ്തീയ ഉപദേഷ്ടാക്കന്മാർക്കും മറ്റു

ക്രിസ്ത്യാനികൾക്കും മാതൃകയായി തീർന്നു. തെസ്സലൊനിക്യാ സഭ അവരുടെ മാതൃക പിൻപറ്റുകയും അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്തു. ആ മാതൃക പിൻപറ്റുവാൻ നമുക്ക് കഴിയുമോ? ടിപി

**നല്ല മാതൃകയുടെ ശക്തി (1:8-10)**

ദൈവ വചനം അനുസരിക്കുന്നതിൽ തെസ്സലൊനിക്യക്കാർ ഒരു നല്ല മാതൃകയായിരുന്നു. "മാതൃക" എന്നതിന് പൗലൊസ് ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ടുപോസ്* എന്നാണ്, അതിനർത്ഥം, "ടൈപ്പ്," "പാറ്റേൺ," "മോഡൽ."[12] ഈ ഇടവകയെ മാത്രമാണ് പൗലൊസ് മോഡൽ കോൺഗ്രിഗേഷനായി പറഞ്ഞത്.

അവരുടെ *നല്ല മാതൃക ഫലപ്രദമായിരുന്നു.* "നിങ്ങളുടെ ഇടയിൽനിന്നു വചനം മുഴങ്ങിച്ചെന്നു" (വാ. 8). പ്രാരംഭ ഭാഷ വ്യക്തമാക്കുന്നത് പ്രതിധ്വനി അഥവാ, പ്രതിഫലനം ആയിട്ടാണ്. തെസ്സലൊനിക്യരുടെ വിശ്വസ്തത മുഴങ്ങി ചെന്നത് മക്കെദോന്യയോളവും (ഗ്രീസിന്റെ വടക്കെ അറ്റം) അഖായയോളവും (ഗ്രീസിന്റെ തെക്കെ അറ്റം) ആയിരുന്നു. ചുരുക്കി പറഞ്ഞാൽ അവരുടെ നല്ല മാതൃക പെനിൻസുല മുഴവൻ മുഴങ്ങി കേട്ടു.

വാക്യം 9 ൽ, തസേസലൊനിക്യരുടെ നല്ല പ്രവൃത്തികളെ കുറിച്ചും അവർ എങ്ങനെ വിഗ്രഹങ്ങളിൽ നിന്ന് "ജീവനുള്ള സത്യദൈവത്തിലേക്ക് തിരിഞ്ഞു സേധവിച്ചുപ" എന്ന് മറ്റു പ്രദേശങ്ങളിലുള്ളവർ "വിവധരിച്ചുപ" പറഞ്ഞതായിട്ടാണ് പൗലൊസ് പറഞ്ഞത്. അവർ അറിഞ്ഞിട്ടില്ലാത്ത ദൂര സ്ഥലങ്ങളിലേക്ക് തന്നെ നൂറുകണക്കിന് അല്ലെങ്കിൽ ആയിരക്കണക്കിന് ആളുകൾക്ക് അത് ഫലപ്രദമായി അനുഭവപ്പെട്ടു.

നമ്മുടെ നല്ല *മാതൃക ഫലപ്രദമാണ്.* നമ്മുടെ ജീവിത സ്വാധീനത്താൽ കർത്താവിൽ സമർപ്പിക്കപ്പെട്ട ക്രിസ്തീയ ജീവിതം തിരഞ്ഞെടുത്തത് നമുക്ക് ചിന്തിക്കുവാൻ കഴിയും. ചിലർ ഉപദേഷ്ടാക്കന്മാരാണ്. ചിലർ മിഷ്ണറ ിമാരാണ്. മറ്റു ചിലർ പ്രാസംഗികരായി വർഷങ്ങളോളം ഫലവത്തായി പ്ര വർത്തിച്ചുകൊണ്ടാണിരിക്കുന്നത്. ആ ആളുകൾ ക്രിയാത്മകമായ ഉദാഹരണവും മാതൃകയുമാണ് എന്ന കാര്യം നാം അംഗീകരിക്കണം. തെതസ്സലൊനിക്യ സഭയെ പൗലൊസ് സ്നേഹിക്കുകയും അനുമോദിക്കുകയും ചെയ്തത ായി പറഞ്ഞിരിക്കുന്നു. ദൈവ വചനം എങ്ങനെ അനുസരിക്കണമെന്നും കർത്താവിനെ എങ്ങനെ സേവിക്കണമെന്നുമുള്ളതിന് മാതൃക കാണിച്ച നമ്മുടെ ഇടവകയെ നാം ബഹുമാനിക്കയും, സ്നേഹിക്കയും, അന ുമോദിക്കയും വേണം. ഈഈ

**പരിവർത്തനം ചുരുക്കത്തിൽ (1:9, 10)**

ചർച്ച ചെയ്ത് പൗലൊസ് തെസ്സലൊനിക്യരുടെ പരിവർത്തനത്തിലേക്ക് മടങ്ങിവന്നു. ഒരുപക്ഷെ ആ സഭയിലുണ്ടായിരുന്ന ഭൂരിഭാഗം പേരും ജാതികള ിൽനിന്നു വന്നവരായിരുന്നേക്കാം.

രണ്ട് ചെറിയ വാകൃങ്ങളിലാണ് അവർ ദൈവത്തിലേക്ക് തിരിഞ്ഞുവന്നതിനെ വിവരിച്ചിരിക്കുന്നത്. അത്ര ചെറിയ സ്ഥലത്ത് വലിെ യാരു മാറ്റം പ്രകടിപ്പിക്കുന്നത് അതിശയകരം തന്നെയാണ്.

അവരുടെ പരിവർത്തന പടികൾ എന്തെല്ലാമായിരുന്നു?

*പാപത്തിൽ നിന്ന്.* മോശമായ വാർത്തയിൽനിന്ന് നാം നല്ല

വാർത്തയിലേക്ക് പ്രവേശിക്കണം. നാം എവിടെ ആയിരുന്നുവോ, അതും, നാം എന്തായിരുന്നുവോ അതും, വിട്ടുകളഞ്ഞിട്ടുവേണം ദൈവത്തിലേക്ക് വരുവാൻ. രക്ഷയിലേക്ക് വരുവാൻ പ്രയാസമുള്ള പടിയാണ് മാനസാന്തരം. തങ്ങളുടെ പരിവർത്തനത്തിന് മുൻപ് തെസ്സലൊനിക്യർ വിഗ്രഹങ്ങളെ ആരാധിക്കുകയും സേവിക്കുകയും ചെയ്തിരുന്നു. തികച്ചും ജാതിയമായ എല്ലാറ്റിൽനിന്നുമാണ് അവർ തിരിഞ്ഞു വന്നത്.

പുരുഷന്മാരും ആൺകുട്ടികളുമടക്കം മുപ്പതുപേരെ കൊന്നതിന് കുറ്റം ആരോപിക്കപ്പെട്ട് വിചാരണ ചെയ്ത് തടവിലടക്കപ്പെട്ട ആളായിരുന്നു ജെഫ്രി ഡാമെർ. തടവിൽ അടക്കപ്പെട്ട ശേഷം അദ്ദേഹം വളരെ ദുഃഖിതനായിട്ടാണ് അതിനകത്തത് കഴിഞ്ഞത്. മേരി മോട്ട് എന്ന സഹോദരി അയാൾക്ക് തപ ാൽ വേദപഠനം അയച്ചുകൊടുക്കാമെന്ന് വിചാരിച്ചു. അയാൾക്ക് അതിനു താൽപര്യമുണ്ടോ എന്നു ചോദിച്ചപ്പോൾ, അയാൾ അതിന് സമ്മതിച്ചു. അവർ അയാൾക്ക് വേദപഠന കോഴ്സ് അയച്ചുകൊടുത്തു. അയാൾ തടവിൽ കിടന്നു ബൈബിൾ കൊഴ്സ് പഠിച്ച് ദൈവവചനത്തെ കുറിച്ചുള്ള അറിവ് വർദ്ധിപ്പിച്ചു. അവസാനം അയാൾ സ്നാനം ആവശ്യപ്പെട്ടതനുസരിച്ച് സഹോദരന്മാരെ അയച്ച് തടവിലുള്ള ഒരു തടാകത്തിൽ അയാൾ സ്നാനം ഏറ്റു. തന്റെ പഴയ വഴിയിൽനിന്നാണ് ജെഫ്രി ദൈവത്തെ സേവിക്കുന്ന വഴിയിലേക്ക് തിരിഞ്ഞത്. സുവിശേഷം എല്ലാവർക്കും ഉള്ളതാണ്–ഏറ്റവും മോശമായവർക്കും, നല്ലവർക്കും, അതിനിടയിലുള്ളവർക്കും.

*ദൈവത്തിലേക്ക്*. ഏക സത്യ ദൈവത്തെ തിരിച്ചറിഞ്ഞ്, ദൈവ വചനം കൈക്കൊള്ളുന്നതിൽ ഉൾപ്പെടുന്നതാണ് "ദൈവത്തിലേക്ക് തിരിയൽ." ആവശ ്യമില്ലാത്ത അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരിൽനിന്നു വ്യത്യസ്തമായി ദൈവം ജീവനുള്ളവനാണ് എന്ന് പൗലൊസ് പറഞ്ഞു. വിഗ്രഹങ്ങൾ വാജവും നിർജീവവുമായിരിക്കുന്നു (യാഥാർത്ഥ്യമല്ലാതെ) എങ്കിൽ, ദൈവം സത്യവാന ാണ്, കാരണം അവൻ ജീവിക്കുന്നു.

*കാത്തിരിക്കുവാൻ*. ക്രിസ്തുവിന്റെ മടങ്ങി വരവിനായുള്ള പ്രതീക്ഷയാണ് ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യാശ. ക്രിസ്തുവിന്റെ വരവിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്നവരായിരുന്നു തെസ്സലൊനിക്യയിലുള്ളവർ.

സാധാരണ ഉപയോഗിക്കുന്ന വാക്ക് സംയോജിപ്പിക്കന്നതാണ് "കാത്തിരിക്കുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് ആശയത്തെ വിസ്തൃത മായി പ്രതിപാദിക്കുന്നു, എന്നാൽ തനിയെ നിന്നാൽ അതിന്റെ അർത്ഥം "മുകളിലേക്ക്" എന്നാണ്. അതിന്റെ അർത്ഥം നമുക്ക് ഇങ്ങനെ ചിന്തിക്കാം: അവർ "ഉയരത്തിലേക്ക് നോക്കി" കർത്താവിനായി കാത്തിരുന്നു. അവർക്ക് പ്രതീക്ഷയും വിജയ പ്രത്യാശയും, സ്ഥിരമായ സഹിഷ്ണുതയും ഉണ്ടായിരുന്നു. അവർ ഒരു സംഭവത്തിനു വേണ്ടിയായിരുന്നില്ല, മറിച്ച് ഒരു വ്യക്തിക്കുവേണ്ടിയായിരുന്നു കാത്തിരുന്നത്.

ജാതികൾ ക്രിസ്ത്യാനികളായി തീർന്നപ്പോൾ അവരിൽ പ്രകടമായ മാറ്റങ്ങൾ കാണപ്പെട്ടത് നാം ഓർമ്മിക്കണം. അവർ ജീവനില്ലാത്ത വിഗ്രഹങ്ങളിൽനിന്ന് ഏക സത്യദൈവത്തിലേക്ക് മുഖം-തിരിക്കുന്ന പൂർണ്ണമായ മാറ്റമാണ് സംഭവിച്ചത് അവരുടെ കാലത്ത് വിഗ്രഹാരാധന പ്രചാരത്തിലിരുന്ന സമയമായിരുന്നു അന്ന്. എല്ലാവരും അത് ചെയ്തുകൊണ്ടിരുന്നു. സത്യ ദൈവത്തെ ആരാധിക്കുന്നവർ ചുരുക്കമായിരുന്നു. എങ്കിലും, തെസ്സലൊന ിക്യർ സത്യം പഠിക്കുകയും, കൈക്കൊള്ളുകയും, അതിന് എന്തു വില

കൊടുക്കേണ്ടി വന്നാലും അവർ അതിൽ സന്തോഷിച്ചു. ഈസി

**വിഗ്രഹങ്ങളിൽനിന്ന് ജീവനുള്ള ദൈവത്തിലേക്ക് (1:9, 10)**

മൂന്നു ശബ്ബത്തു നാളിൽ തെസ്സലൊനിക്യയിലെ പള്ളിയിൽ വെച്ച് യേശു തന്നെ ക്രിസ്തു എന്ന് കാര്യകാരണസഹിതം തെളിയിച്ചുകൊണ്ടിരുന്നു കാര്യം പ്രവൃത്തികൾ 17:1-9 ൽ വിവരിച്ചിരിക്കുന്നു. ഭക്തിയുള്ള യവന സ്ത്രീപുരുഷന്മാരിൽ നിരവധി പേർ സന്ദേശം സന്തോഷത്തോടെ സ്വീകരിച്ചു, പക്ഷെ യെഹൂദ പ്രമാണിമാർ അസൂയ പൂണ്ട്, പൗലൊസിന് എതിരായി റബ്ബിമാരെ ഇളക്കി വിട്ടു. അവർ അങ്ങനെ യാസോന്റെ വീട് വളയുകയും, പ്രസിദ്ധമായ ഈ പ്രസ്താവന നടത്തുകയും ചെയ്തിരുന്നു, "ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി" (പ്രവൃ. 17:6). ഇതിന്റെ ശേഷം അവർ പൗലൊസിനെ വലിച്ചിഴച്ചുകൊണ്ടു പോയി. എന്നാൽ അതിനു മുൻപ് അവിടെ സഭ ആരംഭിച്ചിരുന്നു.

പിന്നീട്, തെസ്സലൊനിക്യ സഭയെ കുറിച്ച് നല്ല വിവരണം ലഭിച്ച ശേഷമാണ് പൗലൊസ് ഈ ലേഖനം എഴുതി അയക്കുന്നത്. തിമൊഥെയൊസ് മക്കൊദോനൃയിൽ നിന്ന് കൊരിന്തിൽ വെച്ച് പൗലൊസിനോട് ചേർന്നപ്പോഴായിരുന്നു തെസ്സലൊനിക്യയെ കുറിച്ചുള്ള നല്ല വാർത്ത പൗലൊസിന്റെ അടുക്കൽ എത്തതിയത്. അവരുടെ പരിവർത്തനത്തിലും ക്രിസ്തുവിലുള്ള അവരുടെ വളർച്ചയിലും സന്തോഷിച്ചുകൊണ്ടാണ് പൗലൊസ് ലേഖനം ആരംഭിക്കുന്നത്.

*"വിഗ്രഹങ്ങളിൽനിന്ന് ദൈവത്തിങ്കലേക്ക് തിരിഞ്ഞു" (1:9)*. വാക്യം 9 ന്റെ ആരംഭത്തിൽ പൗലൊസ് പറഞ്ഞു, "... ധനിപങ്ങൾ വിഗ്രഹങ്ങളെ വിട്ടു ജീവനുള്ള ദൈവത്തിലേക്ക് തിരിഞ്ഞു." പുരാതന ലോകത്തെ വിഗ്രഹാരാധനാകേന്ദ്രങ്ങളിൽ ഒന്നായിരുന്നു തെസ്സലൊനിക്യ. ഇപ്പോഴും അവിടെ വിഗ്രഹാരാധനയുണ്ട്, ആ സ്ഥലം ഇന്ന് ഗ്രീക്കുകാരാൽ അറിയപ്പെടുന്നത് സലോനിക എന്നാണ്. ഇപ്പോഴും അതൊരു പ്രമുഖമായ പട്ടണമാണ്, കാരണം അത് തീരപ്രദേശമാണ്. ഒന്നാം നൂറ്റാണ്ടിൽ, എഗ്നേഷ്യൻ ഉൾക്കടൽ വഴിയുള്ള വലിയ കിഴക്കു-പടിഞ്ഞാറൻ റോമൻ രോഡുകളെല്ലാം തെസ്സലൊനിക്യയിൽ കൂടെ ആയിരുന്നു.

തെളിഞ്ഞ ആകാശമുള്ള ദിവസം, തെസ്സലൊനിക്യയിൽനിന്നു നോക്കിയാൽ ഗ്രീക്ക് ദേവന്മാരുടെ ആസ്ഥാനമെന്ന് കരുതപ്പെടുന്ന ഒളിമ്പസ് മൗണ്ട് കാണുവാൻ കഴിയും. തെസ്സലൊനിക്യയിൽ മുമ്പ് ഗ്രീക്ക് ദേവന്മാരെയും വിഗ്രഹങ്ങളെയും നമസ്ക്കരിച്ചിരുന്നവരായിരുന്നു സുവിശേഷം പ്രസംഗിക്കുന്നത് കേട്ടപ്പോൾ അത് കൈക്കൊണ്ടത് എന്ന് വാക്യം 9 ൽ പറഞ്ഞിരിക്കുന്നു.

"നിങ്ങൾ വിഗ്രഹങ്ങളിൽ നിന്ന് ദൈവത്തിലേക്ക് തിരിഞ്ഞു" എന്നാണ് പൗലൊസ് അവരെ കുറിച്ച് പറഞ്ഞത്. "തിരിഞ്ഞുകൊൾവിൻ" എന്ന് പ്രവൃത്തികൾ 3:19 ൽ (കെജെവി) മൂല വാക്കിന് ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് "തിരിഞ്ഞു" എന്നതിനും ഉപയോഗിച്ചിരിക്കുന്നത്. ആ ആളുകൾ പരിവർത്തനം ചെയ്യപ്പെട്ടവരായിരുന്നു. എന്താണ് പരിവർത്തനം? അത് തിരിയലാണ്. ക്രൂശിന്റെ അറ്റത്താവുകയും അവിടെ നിന്ന് പരിവർത്തന കേന്ദ്രത്തിലേക്കുള്ള തിരയലാണ്.

"മാനസാന്തരപ്പെടുക" എന്നതിന് ഉപയോഗിച്ച വാക്കല്ല "തിരിഞ്ഞു" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. "മാനസാന്തരപ്പെടുക" എന്നതിനുള്ള

വാക്ക് *മെറ്റാനോയിയ* എന്നാണ്, അർത്ഥം "മനസ് മാറ്റുക" എന്നാണ്. നിര്യാതനായ ചാൾസ് റോബർട്സൺ പറഞ്ഞിരുന്നു, "മാനസാന്തരപ്പെടുക എന്നാൽ നിങ്ങൾ 'ഒരു പുതിയ മനസിന് ഉടമയാകുക' " എന്നതാണ്. അവ രണ്ടും കൃത്യമായും ഒരേ വാക്കുകളല്ല, എങ്കിലും അർത്ഥത്തിൽ സാമ്യമുണ്ട്. പലപ്പോഴും പ്രവൃത്തികൾ 3:19 ലേതുപോലെ ഒരു വാക്യത്തിൽ അവ ഒരുമിച്ചാണ് ഉപയോഗിച്ചിട്ടുള്ളത്. ഏതാണ് മുഖം തിരിച്ച്, "നിങ്ങൾക്ക് ഒരു പുതിയ മനസ് ലഭിച്ചതിനാൽ, നിങ്ങളുടെ ജീവിതം മാറി."

*"ജീവനുള്ള സത്യദൈവത്തെ സേവിക്കുവാൻ തിരിഞ്ഞു" (1:9)*. പൗലൊസ് പിന്നീട്പറഞ്ഞത് അവർ "ജീവനുള്ള സത്യ ദൈവത്തെ സേവിക്കുവാൻതിരിഞ്ഞു" എന്നാണ്. പൗലൊസ് പ്രസംഗിച്ച ദൈവം "ജീവനുള്ള സത്യ ദൈവമാണ്." ഒളിമ്പസ് മൗണ്ടിലുള്ള ദേവന്മാർ നിർജീവവും വ്യാജവുമായിരുന്നു. സിയൂസും മറ്റു ദേവന്മാരും യഥാർത്ഥത്തിലുള്ളവയായിരുന്നില്ല.

"അവർ സേവിക്കുവാൻ തിരിഞ്ഞു." നമ്മിൽ പലരും തിരിഞ്ഞു, പക്ഷെ സ്പഷ്ടമായും സേവിക്കുവാനല്ല തിരിഞ്ഞത്. ഈ അദ്ധ്യായത്തിൽ തുടർന്നുള്ള വാക്യങ്ങളിൽ അവരുടെ സേവനത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു. ഈ വാക്കുകൾ പറഞ്ഞ് പൗലൊസ് അവരെ അനുമോദിക്കുന്നു, "കർത്താവിന്റെ വചനം നിങ്ങളിൽനിന്നു മുഴങ്ങിച്ചെന്നു ..." (വാ. 8). അവരുടെ "വിശ്വാസ പ്രവൃത്തിയെയും സ്നേഹ പ്രയത്നത്തെയും കുറിച്ച് പൗലൊസ് നേരത്തെ പറഞ്ഞു. വിശ്വാസത്തോടെയും സ്നേഹത്തോടെയും പ്രവർത്തിക്കുവാൻ സജീവമായി ഉണർന്ന സഭയായിരുന്നു അത്. "ചിലർ തിരിഞ്ഞത്, 'ഒന്നും ചെയ്യാതെ' സ്റ്റൂളിൽ ഇരിക്കുന്നതിനോ, അല്ലെങ്കിൽ 'അല്പം എന്തെങ്കിലും' ചെയ്ത്, 'ഞാൻ മഹത്വത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു' എന്നു പാടും." എന്നാൽ, തെസ്സലൊനിക്യരുടെ കാര്യം അങ്ങനെ ആയിരുന്നില്ല.

വിശ്വാസ ഹൃദയത്തിൽ ആശ്രയമുണ്ടായിരിക്കും. "വിശ്വാസം" നിർവ്വചിച്ചിരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിലുള്ള അനുസരണത്തോടുകൂടിയുള്ള ആശ്രയമാണ്. ധാരാളം പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നന ജീവിതമാണെങ്കിലും ആശ്രയമില്ലെങ്കിൽ പ്രധാനപ്പെട്ട മൂലകമായ വിശ്വാസക്കുറവ് കാണുവാൻ കഴിയും.

*"സ്വർഗത്തിൽനിന്നു ദൈവപുത്രനായ ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുവാൻ തിരിഞ്ഞു" (1:10)*. നിങ്ങൾ "തിരിഞ്ഞത് കാത്തിരിക്കുവാനാണ്" എന്നും പൗലൊസ് പറഞ്ഞു. മരിച്ച് അടക്കപ്പെട്ട് സ്വർഗാരോഹണം ചെയ്ത ക്രിസ്തുവിന്റെ വരവിനായിട്ടായിരുന്നു അവർ കാത്തിരുന്നത്. പൗലൊസിന്റെ സ്വഭാവവും അതായിരുന്നില്ലേ? "യേശുക്രിസ്തു വരുവാനിരിക്കുന്നു" എന്ന് വെറുതെ പറയുകയല്ല പൗലൊസ് ചെയ്തത്, പിന്നെയോ അവൻ തന്റെ വായനക്കാർക്ക് അതിനുള്ള തെളിവുകളും നിരത്തി. അവൻ മടങ്ങി വരുമെന്നതിനുള്ള തെളിവ് അവൻ നൽകിയിരിക്കുന്നു. പ്രവൃത്തികൾ 17:30, 31 ൽ അവൻ പറഞ്ഞു, "... എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ, മാനസാന്തരപ്പെടേണമെന്ന്" ദൈവം കൽപിക്കുന്നു, കാരണം "താൻ നിയമിച്ച പുരുഷൻ മുഖാന്തരം അവൻ ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു." എവിടെയാണ് തെളിവ്? അവനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പ് നൽകിയിരിക്കുന്നു. അവൻ മടങ്ങി വരുമെന്നതിന്റെ മുഖ്യമായ തെളിവ് അതാണ്. അവൻ പോയതുപോലെ തിരിച്ചുമെന്ന വാഗ്ദാനം ഇന്നും

നിലനിൽക്കുകയാണ്. ആകയാൽ ക്രിസ്തീയ ജീവിതം ഒരു വിധത്തിൽ കാത്തിരിപ്പാണ്, അല്ലാതെ നിർജീവമായ പ്രതീക്ഷയില്ലാത്ത ഒന്നല്ല. അത് ജീവിക്കുന്നതും ഉണർന്നിരുന്നു കാത്തിരിക്കുന്നതുമാണ്.

ആത്മിയമായി നാം വിശ്വസ്തരായി ജീവിക്കുന്നതിനും സേവിക്കുന്നതിനും നമ്മെ ഉത്തേജിപ്പിക്കുന്നതാണ്, ക്രിസ്തുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുക എന്നത്. നാം കാത്തിരിക്കുമ്പോൾ, പ്രവർത്തിക്കുന്നു; നാം; നാം പ്രതീക്ഷയോടെ ഇരിക്കുമ്പോൾ സേവിക്കുന്നു. പ്രതീക്ഷയോടെ നാം ഓരോ ദിവനസത്തെയും വരവേൽക്കുമ്പോൾ ഇതായിരിക്കാം "ആ നാൾ" എന്ന് ചിന്തിച്ചേക്കാം. ആ അറിവ് ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാൻ നമ്മെ പ്രോൽസാഹിപ്പിക്കും. അനർ വിചാരിക്കുന്ന അത്രയും വേഗത്തിൽ കർത്താവ് മടങ്ങിവരുവാൻ പോകുന്നില്ല എന്നാണ് പൗലൊസ് തെസ്സലൊനിക്യരോട് പറഞ്ഞത്. ക്രിസ്തുവിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്നവർ ശ്രദ്ധിക്കേണ്ടത് എന്തെന്നാൽ, തങ്ങളെ ഏൽപിച്ച ജോലി ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുക.

*ഉപസംഹാരം.* തെസ്സലൊനിക്യർ എങ്ങനെയാണ് ക്രിസ്ത്യാനികൾ ആയത്? "അവർ വിഗ്രഹങ്ങളെ വിട്ട് ... ജീവനുള്ള സത്യ ദൈവത്തിലേക്ക് തിരിഞ്ഞു, യേശുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചവൻ സ്വർഗത്തിൽനിന്നു മടങ്ങി വരുന്നതിനായി കാത്തിരിക്കുന്നു എന്ന് അവർ തന്നെ പറയുന്നു" (1 തെസ്സ. 1:9, 10). അവർ വിഗ്രഹങ്ങളിൽ നിന്നാണ് തിരിഞ്ഞത്. ജീവനുള്ള സത്യ ദൈവത്തെ സേവിക്കുവാനാണ് അവർ തിരിഞ്ഞത്. യേശുവിന്റെ മടങ്ങി വരവിനായിട്ടുമാണ് അവർ തിരിഞ്ഞത്.

യേശുക്രിസ്തു ആണ് വ്യത്യാസം, കാരണം, അവനെ കൂടാതെ, നാം നിരാശ്രിതരും, പ്രത്യാശയില്ലാത്ത അവസാനവും, പ്രത്യാശയില്ലാത്ത കല്ലറയും, പ്രത്യാശയില്ലാത്ത അവസാനവും, പ്രത്യാശയില്ലാത്ത കല്ലറയും, പ്രത്യാശയില്ലാത്ത ഉയർപ്പും, പ്രത്യാശയില്ലാത്ത നിത്യതയുമായിരിക്കും; അവനെടുകൂടെ ആണെങ്കിൽ, ഭമിയിലും സ്വർഗത്തിലും നമുക്ക് പ്രത്യാശയുണ്ട്. ഏഎം

---

കുറിപ്പുകൾ

[1]ലിയോൺ മോറിസ്. *ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപിസ്റ്റിൽസ് ടു ദ തെസ്സലൊനക്യൻസ്*. ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 47. [2]എതെൽബെർട്ട് സ്റ്റാഫർ, "*ἀγαπάω*" *ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് കിറ്റൽ, ട്രാൻസ് ആന്റ് എഡി. ജെഫ്രി. ഡബ്ലിയു. ബ്രോംലെ, വാല്യം 1, (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 1:44–48. [3]മോറിസ്, 51. [4]ഏ. ടി. റോബർട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ*, വാല്യം 4. വേർഡ് പിക്ച്ചേഴ്സ് ഇൻ ദ ന്യു ടെസ്റ്റമെന്റ് (നാഷിലെ: ബ്രോഡ്മാൻ പ്രെസ്, 1931), 9. [5]ജെ. ഈ. ഫ്രെയിം *ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് സെന്റ്.പോൾ ടു ദ തെസ്സലൊനിയൻസ്*, ദ ഇന്റർനാഷ്ണൽ ക്രിട്ടിക്കൽ കമെന്ററി എഡി. ചാൾസ് അഗസ്റ്റസ്, സാമുവേൽ റോൾ ഡ്രൈവർ, ആന്റ് ആൽഫ്രഡ് പ്ലമ്മർ (ന്യൂയോർക്ക്: ചാൾസ് സ്ക്രിപ്നേഴ്സ് സൺസ്, 1912; റീപ്രിന്റ്, എഡിൻബറോ: ടി & ടി ക്ലെർക്ക്, 1988), 81. [6]റോബർട്സൺ, 12. [7]ഇബിഡ് 13. [8]ഇബിഡ്, 14. [9]ഇബിഡ്, 14. [10]റേമണ്ട് സി.കെലി. *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലൊന*

*യൻസ്*, ദ ലിവിങ് വേർഡ് കമെന്ററി, എഡി. 13 (ആസ്റ്റിൻ ടെക്സ്: ആർ. ബി. സ്വീറ്റ് കമ്പനി., 1968), 28.

[11]ഫാന്നി ജെ.ക്രോസ്ബി, "സേഫ് ഇൻ ദ ആംസ് ഓഫ് ജീസസ്," *സോങ്സ് ഓഫ് ദ ചർച്ച്*, കോംപ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [12]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3 ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡെറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 2000), 1019–20.